# പ്രതീക്ഷയുടെ പൂമൊട്ടുകൾ

പള്ളിക്കൂദാശ ലക്കം 2013



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ
ജന്മശതാബ്ദിവർഷം: 1914-2014

# കാത്തിരുപ്പിന്റെ സന്ദേശം

ഇന്ന് ലോകം തിരക്കിന്റെ കരാളഹസ്തങ്ങളിലാണ്. ആർക്കും തെല്ലും നേരമില്ല. പരസ്പരം ഒന്നു ശ്രദ്ധിക്കുവാനോ അപരന്റെ വേദനകളെ തൊട്ടറിയുവാനോ ജീവിതപങ്കാളികളുടെ ഭാവപ്പകർച്ചകളിൽ മനമെത്തിക്കുവാനോ മക്കളുടെ തെന്നിമാറലുകളെ കണ്ണെത്തിപ്പിടിക്കാനോ അയൽപക്കബന്ധങ്ങളുടെ ഊഷ്മളതയറിയുവാനോ... ഒന്നിനും നേരമില്ല പോലും. തിരക്കോടുതിരക്ക്... നൂറുകൂട്ടം കാര്യങ്ങളിലും നൂലാമാലകളിലും നാമിങ്ങനെ ചുറ്റിപ്പിണഞ്ഞിരിക്കുകയാണ്.

തിരക്കേറിയ തന്റെ അജപാലനപ്രവർത്തനങ്ങൾക്കിടയിലും ഊഷ്മളമായ സൗഹൃദം ദൈവവുമായും ദൈവം സ്വന്തമായി നൽകിയ ലോകവുമായും പുലർത്തുവാൻ ശ്രമിച്ച്, അതിൽ വിജയിച്ച അതുല്യപ്രതിഭയായിരുന്നു ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ. തന്റെ ജീവിതത്തിൽ അദ്ദേഹം അനുഭവിച്ചറിഞ്ഞ ഒരു സത്യമാണ് കാത്തിരുപ്പിന്റെ ദൈവശാസ്ത്രം. ഓരോ മനുഷ്യനുംവേണ്ടി വഴിക്കണ്ണുമായി ദൈവം കാത്തിരിക്കുന്നു. തന്നെ തിരസ്കരിച്ചിട്ടും വീണ്ടും കാത്തിരിക്കുകയാണെന്നറിയുക, അവനിൽ പ്രതീക്ഷയർപ്പിക്കുക. അത് ദൈവത്തിനും ദൈവത്തിൽ ഹൃദയമർപ്പിച്ചവർക്കും മാത്രമുള്ള പുണ്യമാണ്.

ദൈവദാസൻ പറയുന്നു: "നാം ആരെയും കാത്തുനിർത്തരുത്. എന്നാൽ, മറ്റുള്ളവർക്കു വേണ്ടി കാത്തിരിക്കുക എന്നതു നമ്മുടെ കടമയുമാണ്." എവിടെയെങ്കിലും പോകാൻ ഒരുങ്ങുമ്പോൾ പത്തുമിനിറ്റുമുമ്പേ ചെല്ലുന്ന നിഷ്ഠയുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. തന്നെ സന്ദർശിക്കാൻ വരുന്നവരെ സഹിഷ്ണുതയോടെ, ഔദാര്യത്തോടെ, പിതൃനിർവ്വിശേഷമായ വാത്സല്യത്തോടെ അദ്ദേഹം കണ്ടിരുന്നു.


എപ്രകാരമാണ് നാം കാത്തിരിക്കേണ്ടത്? അക്ഷമരായി വരുന്നവർക്കിടയിൽ ക്ഷമയോടെ... ശൂന്യമായി വരുന്നവരിൽ നിറസാന്നിധ്യമായി അവിശ്വാസത്തിന്റെ പടലവുമായി വരുന്നവരിൽ വിശ്വാസത്തിന്റെ പൊൻകിരണമായി അറ്റുപോയ ആത്മബന്ധങ്ങളിൽ കൂട്ടിയോജിപ്പിക്കുന്ന ശക്തിസ്രോതസ്സായി നാം കാത്തിരിക്കണം.

## പിതാവിനൊപ്പം നമുക്കും പ്രാർത്ഥിക്കാം

"കരുണയോടെ ഞങ്ങളെ കാത്തിരിക്കുന്ന ദൈവമേ, ഊഷ്മളമായ സ്നേഹവും സൗഹൃദവും നൽകി മറ്റുള്ളവരെ കാത്തിരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ." ആമേൻ.

**ജെനി കഴുന്നടിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 31 പള്ളിക്കൂദാശ ലക്കം 2013

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ശിഷ്യത്വവും പരസ്പര സഹവാസവും 03
- 'അരുതാത്തതിൽ' വിരിയുന്ന വിസ്മയം 07
- അർപ്പണങ്ങളുടെ സമർപ്പണം 09
- സ്നേഹത്തിൻതിരിയായ് സ്വയമെരിഞ്ഞ് 11
- സൗഭാഗ്യങ്ങളുടെ പറുദീസ 13
- നമുക്കും ദൈവാലയമാകാം 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- EVERY YOUTH IS CALLED TO DISCIPLESHIP 18
- ഹൃദയങ്ങൾ ഒരുക്കിയിടുക 20
- നന്മയുടെ സുഗന്ധം പരത്താം 22
- ഓട്ടപ്പന്തയം 25
- തങ്കലിപികളിൽ എഴുതപ്പെടുന്ന ത്യാഗഭാവം 27
- എല്ലാവരും വിശുദ്ധർ എല്ലാവരും സഹോദരർ 29
- ഇതും വിശ്വാസവർഷ ചിന്തകൾ 32

## എഡിറ്റോറിയൽ

# സ്വർഗ്ഗീയാനന്ദം

മിശിഹാരഹസ്യം ധ്യാനവിഷയമാക്കുന്ന ആരാധനാവത്സരത്തിന്റെ അവസാനഘട്ടത്തിൽ നാം എത്തിച്ചേർന്നിരിക്കുകയാണ്. മനുഷ്യാവതാരം മുതലുള്ള മിശിഹായുടെ ജീവിതരഹസ്യങ്ങളിലൂടെയും പരിശുദ്ധാത്മപ്രവർത്തനങ്ങളിലൂടെയും, അതിലൂടെ യാഥാർത്ഥ്യമായ സഭയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെയുമെല്ലാം കടന്നുപോയതിനുശേഷം, മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നതു ധ്യാനവിഷയമാക്കുന്ന പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു.

യുഗാന്തത്തിലെ സ്വർഗ്ഗീയമഹത്ത്വത്തിന്റെ മുന്നാസ്വാദനം പ്രദാനം ചെയ്യുന്ന കാലഘട്ടമാണിത്. മരണശേഷം വരാനിരിക്കുന്ന ഒരു സൗഭാഗ്യമല്ല സ്വർഗ്ഗം. ഈ ഭൂമിയിലായിരിക്കുമ്പോൾത്തന്നെ അനുഭവിച്ചു തുടങ്ങേണ്ട ഒരു യാഥാർത്ഥ്യമാണത്. ദൈവത്തെ കർത്താവായി അംഗീകരിക്കുന്ന, നിരന്തരം ദൈവസാന്നിദ്ധ്യത്തിലായിരിക്കുന്ന, ദൈവഹിതം പൂർത്തിയാക്കുന്ന ഒരു ജീവിതം നയിക്കുമ്പോൾ അവിടെ സ്വർഗ്ഗീയാനുഭവം തുടങ്ങിക്കഴിഞ്ഞു. ഈ ലോകജീവിതത്തിലെ ദുരിതങ്ങളുടെയും ക്ലേശങ്ങളുടെയുമിടയിലും ഭൂമിയിൽത്തന്നെ സ്വർഗ്ഗീയാനന്ദം അനുഭവിക്കാൻ കഴിയാത്തവർക്ക് വരാനിരിക്കുന്ന സ്വർഗ്ഗീയസന്തോഷം നുകരുവാനാവില്ല. സ്വർഗ്ഗീയമഹത്ത്വത്തിലേക്ക് പൂർണ്ണതയിൽ പ്രവേശിക്കുവാനാകുന്നത് മരണശേഷമാണെന്നു മാത്രം.

സഭാകൂട്ടായ്മയെ മാറ്റിനിർത്തി, വ്യക്തിപരമായ ഒന്നായി മാത്രം സ്വർഗ്ഗീയാനന്ദത്തെ മനസ്സിലാക്കാനാവില്ല. സഭാകൂട്ടായ്മയിൽ സ്വർഗ്ഗീയാനന്ദത്തിന്റെ മുന്നാസ്വാദനം നമുക്കു ലഭിക്കുന്ന സവോൽകൃഷ്ടമായ വേദി പരി. കുർബാനയാണ്. സ്വർഗ്ഗീയ മണവാളനായ മിശിഹാ തന്റെ മണവാട്ടിയായ സഭയോടൊത്ത് സ്വർഗ്ഗീയമണവറയിൽ പ്രവേശിച്ച്, മുഖാഭിമുഖം ദർശിച്ച്, പരസ്പര സംസർഗത്തിൽ സായൂജ്യമടയുന്നതിന്റെ മുന്നാസ്വാദനമാണ് പരി. കുർബാനസ്വീകരണം. ഈശോയുടെ സ്നേഹം പരസ്പരം പങ്കിട്ടനുഭവിക്കുന്ന സഭാജീവിതത്തിന്റെ പശ്ചാത്തലത്തിലാണ് ദിവ്യകാരുണ്യസ്വീകരണം സ്വർഗ്ഗീയാനന്ദത്തിന്റെ മുന്നാസ്വാദനമാകുന്നത്. ഈ സ്വർഗ്ഗീയാനന്ദം അനുഭവിക്കുവാനും അതനുഭവിക്കാൻ സഹോദരങ്ങളെ സഹായിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മിലും നമുക്കു ചുറ്റിലും സ്വർഗ്ഗത്തിന്റെ ഈ സന്തോഷം നിറയ്ക്കുന്ന ജീവിതം നയിക്കാൻ നമുക്കിടയാകട്ടെ.

**ചീഫ് എഡിറ്റർ**



# ശിഷ്യത്വവും പരസ്പര സഹവാസവും

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ഈശോയും ശിഷ്യരും തമ്മിലുള്ള ബന്ധം പരസ്പര സഹവാസത്തിന്റേതാണെന്ന് യോഹ 15,1-17 ൽ ഉദാഹരണസഹിതം വ്യക്തമാക്കുന്നുണ്ട്. "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്"(15,5) എന്നു പറഞ്ഞുകൊണ്ട് തന്നോടു സഹവസിക്കുവാൻ ശിഷ്യന്മാരെ ഈശോ ആഹ്വാനം ചെയ്യുന്നു. മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ളതുപോലെയുള്ള പരസ്പര സഹവാസമാണ് ഈശോയും ശിഷ്യരും തമ്മിലുണ്ടാകേണ്ടത്. ഈശോയുമായുള്ള ശിഷ്യർക്കടുത്ത ഈ സഹവാസം ഈശോയുടെതന്നെ പ്രത്യേക തിരഞ്ഞെടുപ്പിന്റെ ഫലമായി നമുക്കു ലഭിക്കുന്ന കൃപയാണെന്ന് വ്യക്തമായി പറയുന്നുണ്ട്: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്" (15,16). ഈ തിരഞ്ഞെടുപ്പിന്റെ ഫലമായി നാം വളർത്തിയെടുക്കേണ്ട ഈ പരസ്പര സഹവാസത്തിന്റെ പ്രത്യേകതകൾ ഏവയെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നു.

### ഫലം പുറപ്പെടുവിക്കുന്ന സഹവാസം

ഈശോയുമായുള്ള സഹവാസത്തിലൂടെ മാത്രമേ ശിഷ്യർക്ക് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളൂ. സഹവാസവും ഫലം പുറപ്പെടുവിക്കലും ഒന്നിച്ചാണ്

സംഭവിക്കുക. സഹവാസമില്ലെങ്കിൽ ഫലം പുറപ്പെടുവിക്കുകയില്ല. ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ സഹവാസവുമില്ല. ഈശോയും പിതാവും തമ്മിലുള്ള സഹവാസമാണ് ഈശോയും ശിഷ്യരും തമ്മിലുള്ള സഹവാസത്തിനു മാതൃകയായി എടുത്തുകാണിക്കുന്നത് (15,9-10). ഈശോയും പിതാവും തമ്മിലുള്ള ഐക്യം പിതാവിന്റെ പ്രവൃത്തികൾ ചെയ്യാൻ ഈശോയെ കഴിവുറ്റവനാക്കി. ഈശോയുടെ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: ''പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു" (യോഹ 5,19). ജീവിതത്തിലും പ്രവർത്തനത്തിലും ഒന്നായിത്തീരുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ സഹവാസമുളവാക്കുന്നത്. അതുകൊണ്ടാണ് ഈശോ, "ഞാനും പിതാവും ഒന്നാണ്" (യോഹ 10,30) എന്നു പറഞ്ഞത്. അതുപോലെ ശിഷ്യർക്കും, 'ഞാനും ഈശോ യും ഒന്നാണ്' എന്നു പറയുവാൻ കഴിയണം. അങ്ങനെ ഈശോയുമായുള്ള സഹവാസത്തിന്റെ ഫലമായി ഈശോയുടെ പ്രവൃത്തികൾ ചെയ്യുന്നവരായി നാം മാറുമ്പോഴാണ് ഈശോയുമായുള്ള സഹവാസം നമ്മിൽ യാഥാർത്ഥ്യമാകുന്നത്.

**സഹവാസവും സ്നേഹബന്ധവും**

ഈശോയും ശിഷ്യരും തമ്മിലുള്ള സഹവാസം സ്നേഹബന്ധത്തിൽ വളരുന്ന സഹവാസമാണ്. പിതാവുമായുള്ള തന്റെ സഹവാസം സ്നേഹബന്ധമായിട്ടാണ് ഈശോ അവതരിപ്പിക്കുന്നത്: ''പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (15,9). 'ഈശോയിൽ വസിക്കുക' (15,4) എന്നതിന്റെ അർത്ഥം 'ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുക' എന്നാണ്. സ്നേഹത്തിൽ നിലനില്ക്കണമെങ്കിൽ നിരന്തരമായി ഈശോയുടെ സ്നേഹം സ്വീകരിക്കുകയും ആ സ്നേഹത്തിനു പ്രത്യുത്തരിക്കുകയും ചെയ്യണം. ഇത്തരത്തിലുള്ള സ്നേഹത്തിന്റെ പങ്കുവയ്ക്കൽ പ്രാർത്ഥനയുടെ നിമിഷങ്ങളിലാണ് സംഭവിക്കുക. പ്രാർത്ഥനയാണല്ലോ ദൈവവുമായുള്ള സ്നേഹസംഭാഷണത്തിന്റെ നിമിഷങ്ങൾ. പ്രാർത്ഥനയിൽ ദൈവത്തിന്റെ സ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിനു പ്രത്യുത്തരിക്കുന്ന ഒരനുഭവം നാം വളർത്തിയെടുക്കണം. എന്നാൽ പ്രാർത്ഥനയിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല അത്; ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട ഒന്നാണ്. ഈശോയുടെ കല്പനകൾ പാലിച്ചുകൊണ്ടാണ് അവിടുത്തെ സ്നേഹത്തിൽ നാം നിലനില്ക്കേണ്ടത്. തന്റെ പിതാവിനോടുള്ള സ്നേഹബന്ധം എടുത്തുകാണിച്ചുകൊണ്ടാണ് ഇക്കാര്യം ഈശോ വ്യക്തമാക്കുന്നത്: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (15,10).




## സഹവാസവും സൗഹൃദവും

ഈശോയുമായുള്ള ശിഷ്യരുടെ ബന്ധം സാധാരണ സ്നേഹബന്ധത്തെക്കാളുപരി സുഹൃദ്ബന്ധമായി വളരേണ്ട ഒന്നാണെന്ന് ഇവിടെ സൂചനയുണ്ട്: "നിങ്ങൾ എന്റെ സ്നേഹിതരാണ്" (15,14). ഇവിടെ യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്നത് സാധാരണയായി ഉപയോഗിക്കുന്ന 'അഗാപ്പെ' എന്ന വാക്കല്ല, 'ഫീലോയി' എന്ന വാക്കാണ്. സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹത്തെക്കുറിക്കുന്ന വാക്കാണ് 'ഫീലോയി'. ഈശോയും ശിഷ്യരും തമ്മിലുണ്ടായിരിക്കേണ്ട സ്നേഹം സുഹൃദ്ബന്ധത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്നതായിരിക്കണം എന്ന് ഇതു സൂചിപ്പിക്കുന്നു. സുഹൃദ്ബന്ധത്തിന്റെ പ്രത്യേകത എല്ലാം പരസ്പരം തുറന്നുവയ്ക്കുന്നു എന്നുള്ളതാണ്: "എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (15,15). പരസ്പരം ഹൃദയരഹസ്യങ്ങൾ പങ്കുവയ്ക്കുന്ന സുദൃഢമായ ഒരു സൗഹൃദമാണ് ഈശോ ശിഷ്യരോടു പുലർത്തുന്നതും ശിഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നതും. ഈശോയുമായി പങ്കുവയ്ക്കാത്ത ഒരു രഹസ്യവും ശിഷ്യർക്കുണ്ടാകരുത്.

## സഹവാസവും പ്രേഷിതത്വവും

ഈശോ തന്റെ ശിഷ്യത്വത്തിലേക്ക് നമ്മെ തിരഞ്ഞെടുത്തത് നാം പോയി നിലനില്ക്കുന്ന ഫലം പുറപ്പെടുവിക്കുന്നതിനുവേണ്ടിയാണ് (15,16). ഈശോയുമായി ഗുരുശിഷ്യബന്ധം സ്ഥാപിക്കുന്നവരെല്ലാം പോയി മറ്റുള്ളവരെ ഈശോയുടെ പക്കലേക്ക് കൂട്ടിക്കൊണ്ടു വരുന്നതായിട്ടാണ് വി. യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുക. അന്ത്രയോസ് പോയി തന്റെ സഹോദരൻ ശിമയോനെ കൂട്ടിക്കൊണ്ടു വരുന്നു (1,41-42); പീലിപ്പോസ് നത്താനിയേലിനെ കൂട്ടിക്കൊണ്ടു വരുന്നു (1,47); സമറിയാക്കാരി സ്ത്രീ പട്ടണവാസികളെ മുഴുവൻ ഈശോയുടെ പക്കലേക്ക് ആനയിക്കുന്നു (4,28-30. 39-42). നല്ല ക്രിസ്തീയജീവിതമാണ് മറ്റുള്ളവരെ ഈശോയുടെ പക്കലേക്ക് ആനയിക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗം. ഈശോയുമായുള്ള സഹവാസത്തിന്റെ ഫലമായി ഉരുത്തിരിയുന്ന ഏറ്റം നല്ല ഫലം ഈശോയുടെ സ്നേഹത്തിന്റെ കല്പന പ്രാവർത്തികമാക്കുന്ന ജീവിതമാണ്: "ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (15,12.17). ആദിമക്രൈസ്തവരുടെ പരസ്നേഹം അനേകരെ സഭയിലേയ്ക്കാകർഷിച്ചു എന്നത് അനിഷേധ്യമായ ചരിത്രസത്യമാണല്ലോ.

## സഹവാസവും സന്തോഷവും

ഈശോയുമായുള്ള സഹവാസത്തിന്റെ ആത്യന്തികഫലം നിലനില്ക്കുന്ന സന്തോഷമാണ്: "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനുമാണ്" (15,11). മിശിഹാനുഭവത്തിന്റെ അടിസ്ഥാനപരമായ ഫലം യഥാർത്ഥ സന്തോഷമാണെന്ന് യോഹന്നാൻശ്ലീഹാ പല സന്ദർഭങ്ങളിൽ എടുത്തുപറയുന്നുണ്ട്. ഒന്നാം ലേഖനത്തിന്റെ ആമുഖത്തിൽ, തന്റെ ശ്ലൈഹികമായ മിശിഹാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് എല്ലാവരുടെയും സന്തോഷം പൂർണ്ണമാകാനാണെന്ന് വ്യക്തമായി പറയുന്നു (1 യോഹ 1,4). മിശിഹായുടെ താല്ക്കാലികമായ വേർപാട് ഉളവാക്കിയ ദുഃഖം അവിടുത്തെ തിരിച്ചുവരവിൽ സന്തോഷമായി മാറുമെന്ന് ഈശോ ശിഷ്യർക്ക് ഉറപ്പുകൊടുക്കുന്നു: "എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്നെടുത്തു കളയുകയുമില്ല" (യോഹ 16,22). ഈശോയുമായുള്ള സഹവാസം നമുക്കു നല്കുന്ന ഏറ്റം വലിയ സമ്മാനമാണ് നിലയ്ക്കാത്ത, നിത്യമായ, സന്തോഷം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# 'അരുതാത്തതിൽ' വിരിയുന്ന വിസ്മയം

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

(കഴിഞ്ഞ ലക്കം തുടർച്ച)

**പു**ന്നപ്രക്കാരൻ ജോസഫ് എസ്. തയ്യിലും കുടുംബവും തങ്ങളുടെ ജീവിതത്തിൽ ദൈവം അദ്ഭുതകരമായി ഇടപെട്ട നിമിഷങ്ങളെ പങ്കുവെക്കുന്നു. അദ്ദേഹത്തിന്റെ മകൻ ചെറു പ്രായത്തിൽതന്നെ ബ്ലഡ്കാൻസർ ബാധിതനായി. രോഗത്തിന്റേതായ വേദനകൾക്കിടയിൽ ഒരു ധ്യാനത്തിലൂടെ ദിവ്യഭിഷഗ്വരനായ ഈശോയെ അറിയാൻ അവർക്കിടയായി.

മകന്റെ ആരോഗ്യസ്ഥിതി വീണ്ടും വഷളായപ്പോൾ മുതൽ പലരും ഹിന്ദുമതവിശ്വാസം ത്യജിച്ചതിനെപ്രതി കുറ്റപ്പെടുത്താൻ തുടങ്ങി. പക്ഷേ, ഈ കുറ്റപ്പെടുത്തലുകളൊന്നും തനിക്കോ, ഭാര്യയ്ക്കോ, മക്കൾക്കോ യാതൊരു ചഞ്ചലിപ്പും ഉണ്ടാക്കിയില്ല എന്നദ്ദേഹം ഓർക്കുന്നു. കൂടുതൽ പ്രാർത്ഥനയോടെ കാര്യങ്ങളെ സമീപിക്കാനായി പരിശ്രമിച്ചിരുന്നു. വീണ്ടും ആശുപത്രിയിലേക്ക്... ആദ്യത്തേതിനെക്കാൾ ഭയാനകമായിരുന്നു കുഞ്ഞിന്റെ അവസ്ഥ. നട്ടെല്ലുപോലും വളഞ്ഞുപോകുന്നതുപോലെ തോന്നി. ഡോക്ടറുടെ നിർദ്ദേശപ്രകാരം സ്കാനിങ് എല്ലാം ആദ്യത്തേതുപോലെ തന്നെ ആവർത്തിച്ചു. 3-4 ദിവസത്തേക്ക് അവന്റെ അവസ്ഥയ്ക്ക് ഒരു മാറ്റവും ഇല്ല. നാലാംദിവസം മുതൽ ഒരു ചെറിയ കുറവ് അവനിൽ കണ്ടുതുടങ്ങി. സ്കാനിങ് റിസൾട്ട് വന്നു. ഫയൽ എല്ലാം പരിശോധിച്ചശേഷം ഡോക്ടർ അദ്ഭുതത്തോടെ ചോദിച്ചു: "ഇവന്റെ രക്തത്തിൽ യാതൊരു കുഴപ്പവുമില്ലല്ലോ! നീയെന്താ ഈ ദിവസങ്ങളിൽ ചെയ്തത്?" ദിവ്യഭിഷഗ്വരനായ ഈശോയുടെ സ്നേഹസ്പർശനം തൊട്ടനുഭവിച്ച നിമിഷങ്ങൾ!! ഹൃദയംകൊണ്ടു തങ്ങളെ രക്ഷിച്ച നല്ല ദൈവത്തിന് ഒരായിരം നന്ദി പറഞ്ഞു.

ഡോക്ടറുടെ നിർദ്ദേശപ്രകാരം ഏതാനും മാസത്തേക്കുള്ള മരുന്നും വാങ്ങി അവർ ആശുപത്രി വിട്ടു. അന്നുമുതൽ ക്രിസ്തീയവിശ്വാസത്തിൽ ആഴപ്പെടണമെന്നുള്ള ആഗ്രഹം അവരിൽ ശക്തിയായിത്തുടങ്ങി. ഈശോയിൽ വിശ്വസിക്കുന്നു എന്നുപറയുമ്പോൾ, മറ്റൊരാൾ എന്തെങ്കിലും ചോദിച്ചാൽ അതിനു ന്യായമായ മറുപടി കൊടുക്കണമല്ലോ എന്ന ചിന്ത ഈശോയെക്കുറിച്ചു കൂടുതൽ അറിയാനുള്ള ശക്തമായ ഉൾപ്രേരണ അവരിലുണർത്തി. തന്നെപ്പോലെ തന്നെ വിശ്വാസം സ്വീകരിച്ച ആരെങ്കിലുമുണ്ടോ എന്നതായിരുന്നു അടുത്ത അന്വേഷണം. അങ്ങനെ കണ്ടുമുട്ടിയ ഒരു സ്ത്രീ പറഞ്ഞതനുസരിച്ച് ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തു. പക്ഷേ, എന്തോ ഒരു അരുതായ്ക!




അവിടെ പ്രസംഗിച്ചയാൾ തന്നെത്തന്നെ ദൈവത്തിന്റെ ദൂതനായി പ്രഖ്യാപിക്കുകയും പ. മറിയത്തെ കുറ്റപ്പെടുത്തി സംസാരിക്കുകയും ചെയ്യുന്നു... ഇങ്ങനെയൊന്നും അല്ലല്ലോ താൻ ധ്യാനകേന്ദ്രത്തിൽ കേട്ടത് എന്ന ചിന്ത അദ്ദേഹത്തെ അലട്ടി. ഇവിടെയെന്തോ പ്രശ്നമുണ്ടെന്ന തോന്നൽ. ഇനി അവിടെ പോകുന്നില്ല എന്നു തീരുമാനിച്ചപ്പോൾ, നിരന്തരം അവർ വീട്ടിൽ വന്ന് ക്ഷണിക്കാൻ തുടങ്ങി. ഉള്ളതു തുറന്നുപറയാതിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ തന്റെ ബുദ്ധിമുട്ട് അദ്ദേഹം അവരോടു പറഞ്ഞു. "ഞാൻ കേട്ടതിൽനിന്നും വളരെ വ്യത്യസ്തമായ കാര്യങ്ങളാണു നിങ്ങൾ പറയുന്നത്. എന്നെങ്കിലും ഇതു ശരിയാണെന്നു തോന്നിയാൽ ഞാൻ അങ്ങോട്ടുവരും. അതുവരെ ദയവുചെയ്ത് ശല്യപ്പെടുത്തരുത്."

പിന്നീടങ്ങോട്ടു പാളയംപള്ളിയിൽ ഞായറാഴ്ചകളിൽ പോയിത്തുടങ്ങി. ഇതിനിടയിൽ ആലപ്പുഴയിലേക്കു വീട്ടുകാരുടെ നിർബന്ധം മൂലം തിരിച്ചുപോന്നു. പക്ഷേ, ഉള്ളിന്റെയുള്ളിൽ എന്തൊക്കെയോ കലങ്ങിമറിയുന്നു. ഹൃദയം എന്തൊക്കെയോ അന്വേഷിച്ചുകൊണ്ടിരുന്നു. സത്യദൈവത്തെ കൂടുതൽ അറിയാനും ആരാധിക്കാനുമുള്ള തീവ്രമായ ആഗ്രഹം. ഏതെങ്കിലും ഒരു കൂട്ടായ്മയുടെ ഭാഗമല്ലാതെ പോകാനുള്ള ബുദ്ധിമുട്ട്. വിവിധതരം സഭകളെക്കുറിച്ചുള്ള കേൾവി. ഇതിൽ ഏതാണ് യഥാർത്ഥസഭ എന്നറിയാൻ വയ്യാത്ത അവസ്ഥ. ഇവയെല്ലാം അവരുടെ ഹൃദയത്തെ മദിച്ചുകൊണ്ടിരുന്നു. ഏതായാലും താൻ ആദ്യമായി ദൈവത്തെ അറിഞ്ഞത് സീറോ മലബാർസഭയിലെ വിൻസെൻഷ്യൻ സഭക്കാരിൽനിന്നാണ്. അപ്പോൾ ആ വിശ്വാസമാണ് താൻ തുടരേണ്ടത് എന്ന് ഉള്ളിൽ ഒരു സ്വരം മുഴങ്ങി. അങ്ങനെ അടുത്തുള്ള കത്തോലിക്കരോടൊക്കെ സംസാരിക്കാനും അവരുടെ കുടുംബകൂട്ടായ്മാ പ്രാർത്ഥനയിൽ പോകാനും തുടങ്ങി. ചങ്ങനാശേരി രൂപതയിലെ പുന്നപ്രഇടവകയിലെ ഒരു കുടുംബകൂട്ടായ്മയായിരുന്നു അത്. പിന്നീട് പള്ളിയിലും കുടുംബസമേതം പോയിത്തുടങ്ങി... അങ്ങനെയിരിക്കെ, അവിടുത്തെ വികാരിയച്ചനെ ചെന്നുകണ്ട് മാമ്മോദീസാ സ്വീകരിക്കാനുള്ള തങ്ങളുടെ ആഗ്രഹം അറിയിച്ചു. അദ്ദേഹം പറഞ്ഞു: "നല്ല കാര്യമാണ്, പക്ഷേ, അത്ര എളുപ്പമല്ല, അത്ര സുഖകരമല്ല സഭയിലെ ജീവിതം. എതിർപ്പുകളും പ്രതീക്ഷിക്കാം." എങ്കിലും പുറകോട്ടുപോകാൻ അവർ തയ്യാറായിരുന്നില്ല. വികാരിയച്ചൻ ബഹു. കാടാട്ടുകളത്തിലച്ചനായിരുന്നു. അദ്ദേഹം അതിന്റെ നടപടിക്രമങ്ങൾ മുമ്പോട്ടു കൊണ്ടുപോയി. പിന്നീട് സ്ഥലംമാറി വന്ന ബഹു. അലക്സ് പാറപ്പുറത്തച്ചനും ഏറെ സഹായങ്ങൾ ഒരുക്കി. ഒരു സിസ്റ്ററിന്റെ സഹായത്തോടെ അതിനായി ഒരുങ്ങി. ഇതിനിടയിൽ വളരെയേറെ തടസ്സങ്ങൾ അദ്ദേഹത്തിനു നേരിട്ടു.

കുടുംബക്കാർ തടസ്സവുമായി വികാരിയച്ചന്റെ അടുക്കലെത്തി, മാമ്മോദീസാ കൊടുക്കരുതെന്ന് ആവശ്യപ്പെട്ടു. അജ്ഞാതഫോൺ സന്ദേശങ്ങൾ ചെയ്ത് ഭാര്യയെ പേടിപ്പിക്കാൻ പലരും ശ്രമിച്ചു. മാർക്സിസ്റ്റ്പാർട്ടിക്കാർ രാത്രിയിൽ വീട്ടിലെത്തി കൊല്ലുമെന്നു ഭീഷണി മുഴക്കി. ഒരു വീട്ടിൽപോയി സുഖമില്ലാത്ത ഒരു കുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചത്, മതംമാറ്റാൻ ശ്രമിക്കലാണ് എന്നു പറഞ്ഞുപരത്തി... പക്ഷേ, ഇവയൊന്നും അദ്ദേഹത്തെ തളർത്താൻ പോരുന്നവയായിരുന്നില്ല. പ്രാർത്ഥനയിൽ അവർ ശക്തി കണ്ടെത്തി. മക്കൾ അദ്ദേഹത്തോടു പറഞ്ഞു: "അച്ഛാ, നാം ഇതൊക്കെ അനുഭവിക്കാൻ ബാധ്യസ്ഥരാണ്." എല്ലാ ഭീഷണികളും അവർക്കു കൂടുതൽ ശക്തിയായി മാറുകയായിരുന്നു. അധികം താമസിയാതെതന്നെ, ദൈവകൃപയാൽ 2004 ഏപ്രിൽ 10-ന് അവർ മാമ്മോദീസായും മറ്റു കൂദാശകളും സ്വീകരിച്ചു.

ഇന്ന് അദ്ദേഹവും കുടുംബവും കർത്താവിന്റെ പരിപാലനയിൽ ആനന്ദം കണ്ടെത്തുന്നു. "ഈശോയ്ക്കാണ് എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം." ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ ചാരിതാർത്ഥ്യം.




പണ്ടെനിക്ക് എല്ലാവരുമുണ്ടായിരുന്നു പക്ഷേ, ഒരൊറ്റപ്പെടൽ അനുഭവപ്പെട്ടിരുന്നു. ഇന്ന് ശക്തമായ എതിർപ്പുകൾ എനിക്കുണ്ട്, അതെന്നെ പേടിപ്പിക്കുന്നതേയില്ല. തന്റെ കാഴ്ചപ്പാടുകൾ അദ്ദേഹം വെളിപ്പെടുത്തി.

പലപ്പോഴും കുടുംബക്കാരുടെ ഇടയിൽ തന്നെ, അദ്ദേഹത്തിന്റെ സാന്നിധ്യം അവർ പലപ്പോഴും ആഗ്രഹിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. ചില കാര്യങ്ങളിൽ ധൈര്യപൂർവ്വം ഒരു തീരുമാനമെടുക്കാൻ അവരുടെ മുമ്പിൽ ദൈവം എന്നെ എടുത്തുപയോഗിക്കാറുണ്ട്. തന്നെ ഏറ്റവുമധികം വിമർശിച്ച ഒരു ബന്ധു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനനിമിഷങ്ങളിൽ തന്റെ സാമീപ്യവും വാക്കുകളും ആഗ്രഹിച്ച നിമിഷങ്ങളും നന്ദിയോടെ അദ്ദേഹം ഓർക്കുന്നു.

ഇന്നദ്ദേഹം തന്റെ ഭാര്യയുടെ മതവിശ്വാസിയായ അമ്മയോടൊപ്പം ആണ് ജീവിക്കുന്നത്. ആൺമക്കളിൽ ഒരാൾ എഞ്ചിനീയർ ആണ്. രണ്ടാമത്തേയാൾ എഞ്ചിനീയറിങ്ങിനു പഠിക്കുന്നു. മൂന്നാമത്തെ പെൺകുട്ടി 9–ാം ക്ലാസ്സിലും.

ഇന്ന് ജീവിതംകൊണ്ടു മിശിഹായെ പ്രഘോഷിക്കുകയാണ് ശശിയും കുടുംബവും. ഇടവകയിൽ സജീവപ്രവർത്തകൻ, വിൻസെന്റ് ഡി പോൾ അംഗം, വചനം പഠിക്കാനുള്ള താത്പര്യംമൂലം 6 വർഷമായി ബൈബിൾക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുക്കുന്നു.

"ഒന്നിനെക്കുറിച്ചും എനിക്കാകുലപ്പെടേണ്ടി വന്നില്ല. ആവശ്യനേരങ്ങളിൽ ആയിരം കൈകളുമായി വരുന്ന ദൈവത്തിന്റെ സ്നേഹാനുഭവം ഞാൻ തൊട്ടനുഭവിക്കുകയാണ്." അദ്ദേഹത്തിന്റെ വാക്കുകൾ നമുക്കും പ്രചോദനാത്മകമാകട്ടെ. ഈ വിശ്വാസവർഷം നമുക്കും, ലഭിച്ച വിശ്വാസത്തെ ഊതികത്തിച്ചുകൊണ്ട് സ്നേഹത്തിൽ മുന്നേറാം.

(അവസാനിച്ചു)

## ആരാധനക്രമവത്സരം

***ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. ൯ ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.***

കൗദാശിക ആദ്ധ്യാത്മികത



# അർപ്പണങ്ങളുടെ സമർപ്പണം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

പള്ളിക്കൂദാശക്കാലം സഭാവത്സരത്തിലെ അവസാന കാലം. “എല്ലാം പൂർത്തിയായിരിക്കുന്നു. പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു”. പിതൃഹിതപൂർത്തീകരണാനന്തരം അവിടുത്തേയ്ക്കായി ആത്മസമർപ്പണം നടത്തിയ പുത്രന്റെ വാക്കുകൾ... അവിടുത്തെ മണവാട്ടിയായ സഭയും മണവാളനോടൊപ്പം പിതാവിന്റെ സന്നിധിയിൽ സമർപ്പിതയാകുന്ന യുഗാന്ത്യ സന്തോഷാനുഭവം! ശിരസ്സായ പുത്രന്റെ മൗതികശരീരമായ സഭ ദൈവപിതാവിൻ മുമ്പാകെ അർപ്പിതമാകുന്ന ജീവിതസാക്ഷാത്കാരം. ഇതെല്ലാം പള്ളിക്കൂദാശാക്കാലം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

‘പള്ളി’ അഥവാ ‘ചർച്ച്’ (Church) എന്നതിന് ദൈവാലയമെന്നും ദൈവഭവനമായ സഭ എന്നും രണ്ടർത്ഥതലങ്ങളുണ്ട്. സഭ ഒന്നുചേരുന്ന അഥവാ സഭയായി ദൈവജനം ഒന്നുചേരുന്ന ഇടം – അതാണ് ദൈവാലയം. ‘കൂദാശ’ എന്നതിന് വിശുദ്ധീകരിക്കുന്ന കർമ്മം, വിശുദ്ധീകരണമാർഗ്ഗം, വിശുദ്ധീകരിക്കപ്പെട്ട വസ്തു എന്നെല്ലാമാണർത്ഥം. വിശുദ്ധീകരണമാകട്ടെ സമർപ്പണത്തിലൂടെയാണ് യാഥാർത്ഥ്യമാകുന്നത്. ദൈവത്തിനായി സമർപ്പിക്കപ്പെടുന്നവയാണ് വിശുദ്ധം. പള്ളി അഥവാ സഭ സമർപ്പിക്കപ്പെടുകയും അതുവഴി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന അനുഭവമാണ് പള്ളിക്കൂദാശക്കാലം പ്രദാനം ചെയ്യുന്നത്. ദൈവത്തിന്റെ പുത്രനും സഭയുടെ ശിരസ്സും മണവാളനുമായ ഈശോ ദൈവപിതാവിന്റെ സന്നിധിയിൽ അർപ്പിക്കുന്നതുവഴി സഭ, വിശുദ്ധീകരിക്കപ്പെടുന്ന യുഗാന്ത്യസത്യത്തെ ധ്യാനവിഷയമാക്കിക്കൊണ്ട് അതിലേക്ക് സഭാമക്കളെ ഈ കാലഘട്ടത്തിലൂടെ ഒരുക്കുന്നു.




പരി. കുർബാനയാണല്ലോ സഭയിലെ ഏറ്റവും വലിയ സമർപ്പണം. സഭയുടെ ശിരസ്സായ മിശിഹായുടെ അർപ്പണമാണ് കുർബാന. അവിടുന്ന് തന്റെ മണവാട്ടിയും ശരീരവുമായ സഭയെ വിശുദ്ധീകരണത്തിനായി പിതാവിനു സമർപ്പിക്കുന്നു. 'കുർബാന' എന്ന പദത്തിനർത്ഥം സമർപ്പണം എന്നാണല്ലോ. കുർബാന ഈശോയുടെ നിത്യമായ സമർപ്പണത്തിലുള്ള സഭയുടെ പങ്കുചേരലും ആഘോഷവുമാണ്. അത് ലോകത്തിന്റെ പാപപരിഹാരാർത്ഥമായി സ്വപുത്രനെ സമർപ്പിക്കുന്ന പിതാവിന്റെ സ്നേഹയാഗമാണ്. പരി. കുർബാന, തന്നെ ഭരമേല്പിച്ച മനുഷ്യകുലത്തെ പുത്രൻ പിതാവിന്റെ പക്കൽ സമർപ്പിക്കുന്നതുമാണ്. അവിടെ ദൈവജനം തങ്ങൾക്കായി അർപ്പിക്കുന്നവന് തങ്ങളെത്തന്നെ സമർപ്പിക്കുകയാണ്. പരി. കുർബാന അർപ്പണങ്ങളുടെ അർപ്പണമാണ്. അവിടെ ത്രിത്വൈക ദൈവവും ദൈവജനവും ഒന്നുചേരുന്നു. ഇതാണ് യുഗാന്ത്യത്തിൽ സഭ പിതാവിൻ പക്കൽ അർപ്പിക്കപ്പെടുമ്പോൾ സംഭവിക്കുന്നതും. ഇത് യുഗാന്ത്യ




യാഥാർത്ഥ്യത്തിന്റെ അനുഭവമാണ് പ്രദാനം ചെയ്യുന്നത്.

മാമ്മോദീസായിൽ ദൈവതിരുമുമ്പിൽ സഭാതനയനായി സമർപ്പിക്കപ്പെടുന്ന ഒരുവൻ, ആത്മാവിന്റെ ആലയമാകാൻ തൈലാഭിഷേകത്തിന് സ്വയം വിട്ടുകൊടുക്കുന്നു. ഈ സമർപ്പണങ്ങളുടെ പൂർണ്ണതയാണ് മിശിഹായോടൊപ്പം പിതാവിന്റെ സന്നിധിയിൽ അർപ്പിതമാകുന്ന പരി. കുർബാന. കുർബാനയിലെ അർപ്പണത്തിന്റെ പ്രായോഗികതയാണ് ക്രൈസ്തവജീവിതം. ആ ജീവിതത്തിനിടയിൽ, അർപ്പണവഴിയിലെ കുറവുകൾ പരിഹരിക്കുവാനും പാത തെറ്റിയാൽ പുനരർപ്പണം നടത്തുവാനും ലോകബന്ധങ്ങളെ അറുത്തുമാറ്റി ദൈവത്തോട് രഞ്ജിതരാകുവാനും അനുരഞ്ജനകൂദാശ നമ്മെ സഹായിക്കുമ്പോൾ അതും അർപ്പണംതന്നെ.

രോഗിയായിരിക്കുന്ന ഒരുവനെ സഭാസമൂഹം ദൈവതിരുമുമ്പാകെ രോഗീലേപനത്തിലൂടെ സമർപ്പിക്കുമ്പോൾ, രോഗി ഈ കൂദാശയിലൂടെ തന്റെ രോഗസഹനങ്ങളെ കുരിശിലെ അർപ്പിതരക്ഷകനോടൊപ്പം രക്ഷാബലിയായി സമർപ്പിക്കുന്നു. സഭയോടുള്ള മിശിഹായുടെ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും സജീവപ്രതീകങ്ങളാകുവാൻ പരസ്പരം സമർപ്പിക്കുന്ന സ്ത്രീപുരുഷന്മാർ വിവാഹമെന്ന കൂദാശ അർത്ഥപൂർണ്ണമാക്കുന്നു. പൗരോഹിത്യമാകട്ടെ, വിളിക്കപ്പെട്ട ഒരുവൻ സ്വജീവിതത്തെ മുഴുവനും മിശിഹായുടെ സമർപ്പണം ലോകാവസാനംവരെ യാഥാർത്ഥ്യമാക്കാൻ തന്റെ ജീവിതത്തെ വിട്ടുകൊടുക്കുന്നതാണ്. അവന്റെ ദൗത്യം മിശിഹായുടെ ബലി ചിരന്തനമാക്കുക എന്നതുതന്നെ. അതുവഴി ലോകവിശുദ്ധീകരണവും ദൈവമഹത്ത്വീകരണവും സാദ്ധ്യമാകുന്നു. സഭാസമർപ്പണത്തിന്റെ പള്ളിക്കൂദാശക്കാലത്ത്, കൂദാശാജീവിതത്തിലൂടെ സമർപ്പണം അർത്ഥപൂർണ്ണവും സജീവവും രക്ഷാകരവുമാക്കുവാൻ നമുക്കാവട്ടെ.

വിശുദ്ധരോടൊപ്പം



# സ്നേഹത്തിൻ തിരിയായ് സ്വയമെരിഞ്ഞ്

## വി. ജോസ് മരിയ റൂബിയോ

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“ജോസച്ചനെപ്പോഴും സന്തോഷമാ...”

എല്ലാവരും പറഞ്ഞു.

“എന്തിനാ സങ്കടപ്പെടുന്നത്...” ജോസച്ചൻ എല്ലാവരോടും ചോദിച്ചു. കത്തിനിൽക്കുന്ന തിരികളൊക്കെ ആ പാതിരിക്ക് ഒരുപാടിഷ്ടമായിരുന്നു. കത്തീതീരുന്നവയെ സ്നേഹത്തോടെ നോക്കി അദ്ദേഹം പാടി... പ്രാർത്ഥിച്ചു...

“സ്നേഹത്തിൻ തിരിയായ് സ്വയമെരിഞ്ഞ
സ്നേഹസ്വരൂപനാം ദിവ്യനാഥാ...

സ്നേഹത്തിൻ ദീപമായ് പ്രഭവിതറാൻ...
സ്വയമെരിഞ്ഞിടട്ടെ ഞാനുമെന്നും...”

അതെ, ദിവ്യനാഥനെപ്പോലെ ജോസച്ചനും എരിഞ്ഞു. സ്നേഹത്തിന്റെ ദീപമായി... മാഡ്രിസ്സിലെ മെത്രാനായി...സന്തോഷിച്ചു ജീവിച്ചു...ജീവിതം ആസ്വദിച്ചു വിശുദ്ധനായി... മാഡ്രിസ്സിലെ ജനങ്ങൾ അദ്ദേഹത്തിനു പേരിട്ടു ‘മാഡ്രിസ്സിലെ അപ്പസ്തോലൻ.’

അതിരാവിലെ അൾത്താരയ്ക്കുമുമ്പിൽ കൈകൂപ്പി കണ്ണുകളടച്ചു പ്രാർത്ഥനാനിരതനായിരിക്കുന്ന അച്ചൻ...

കുമ്പസാരക്കൂട്ടിലിരുന്നു കർത്താവിന്റെ കാരുണ്യം ആത്മാക്കളിലേക്കു ചൊരിയുന്ന ആത്മീയനായ അഭിഷിക്തൻ...അദ്ദേഹത്തിന്റെ വിശുദ്ധി ചാലുകീറി അജഗണങ്ങളിലേക്ക് ഒഴുകുകയായിരുന്നു...ദൈവജനം തൊട്ടറിഞ്ഞു ആ ലളിതജീവിതം! ജോസച്ചന്റെ ഭാഷാശൈലിയും ലളിതമായിരുന്നു. പക്ഷേ, ഹൃദയങ്ങളെ ജ്വലിപ്പിക്കാനുള്ള കരുത്ത് ആ വാക്കുകൾക്കും ജീവിതത്തിനുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അനേകായിരങ്ങൾ ആശ്വാസത്തിനായി അദ്ദേഹത്തെ തേടിയെത്തി...

19 വർഷത്തെ രൂപതാവൈദികജീവിതത്തിനുശേഷം ഈശോസഭയിലേക്ക് അദ്ദേഹം ചേർന്നു. പട്ടിണിപ്പാവങ്ങളുടെ സ്വന്തമായിരുന്നു സ്പെയിനിൽ ജനിച്ച ഫാ. ജോസ് മരിയ റൂബീനോ. അദ്ദേഹത്തിന്റെ ആഹ്വാനം ശ്രവിച്ച് ആരോരുമില്ലാത്ത ആലംബഹീനരെ സഹായിക്കാൻ അനേകായിരങ്ങൾ മുന്നോട്ടു വന്നു. അധ്യാപകൻ കുട്ടികളെ സൗജന്യമായി പഠിപ്പിച്ചു.

സാമൂഹ്യസാമ്പത്തികസാംസ്കാരികടിമത്തത്തിലമർന്ന മാഡ്രിസ്സിലെ ജനതയെ സമുദ്ധരിക്കാനുള്ള പ്രവർത്തനങ്ങളുടെയെല്ലാം ജീവനാഡിയായിരുന്നു ജോസച്ചൻ...എങ്കിലും വായുപോലെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ആരാലും അറിയപ്പെടാതെ...

രാത്രിയുടെ ഏകാന്തയാമങ്ങളിലും ദിവ്യനാഥനോടൊപ്പം ആയിരിക്കുന്നതിൽ ആനന്ദമനുഭവിച്ച മാഡ്രിസ്സിലെ മെത്രാൻ, ജീവിതം ആസ്വദിച്ച വിശുദ്ധനായിരുന്നു. പ്രാർത്ഥനയാ

യിരുന്നു പ്രവർത്തനങ്ങളുടെ ഇന്ധനം. 1929 മെയ് രണ്ടിന് അദ്ദേഹം സ്വർഗ്ഗത്തിൽ പ്രകാശംചൊരിയുന്ന മറ്റൊരു ജ്യോതിസ്സായി മാറി. കുഞ്ഞുണ്ണിമാഷ് പാടി.

"പാതി തിരിഞ്ഞാൽ പോരല്ലോ
പാതിയിൽനിന്നും തിരിയേണം
പോരാ പോരാ പാതിരിയാവാൻ
തിരിയായ് കത്തണമെല്ലാർക്കും"

അതെ, തിരികളെ ഇഷ്ടപ്പെട്ട ഈ പാതിരിയുടെ ജീവിതം തിരിയായ് കത്തിയ ജീവിതമായിരുന്നു. 2003 മെയ് 4-ന് ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഇദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.




### നമുക്കു പ്രാർത്ഥിക്കാം

പാപത്തിന്റെ അടിമത്തത്തിൽനിന്നു മനുഷ്യമക്കളെ മോചിപ്പിച്ച ലോകരക്ഷകനായ ഈശോയേ, സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ഭാരതമക്കളെയോർത്തു ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു. വിദേശാധിപത്യത്തിൽനിന്നും സ്വതന്ത്രരായ ഭാരതമക്കൾ ഇന്നു പാപച്ചങ്ങലയാൽ ബന്ധിതരാണ്. സ്വാർത്ഥതമൂലം സ്വന്തം നാടിനെ അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കുകയാണ്. ഈശോനാഥാ, സ്വാർത്ഥമോഹങ്ങളിൽനിന്നു മോചനം പ്രാപിച്ച്, വിശുദ്ധ ഭാരതം പണിതുയർത്തുവാൻ, ഭരണനേതൃത്വത്തെയും ഭാരതമക്കളെയും ആത്മാവിനാൽ നിറയ്ക്കണമേ. ഉരുകിത്തുടങ്ങാതെ വെളിച്ചം പകരാൻ തിരികൾക്കു സാധ്യമാവില്ലെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. മാഡ്രിസ്സിലെ വി. ജോസ് മരിയയെപ്പോലെ ഉരുകിത്തീരാൻ നാടിനും വീടിനും വെളിച്ചം പകരാൻ, അങ്ങനെ ജീവിതം ആസ്വദിച്ചു വിശുദ്ധരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണേ...

സ്വയമെരിഞ്ഞ്, സ്നേഹത്തിന്റെ ദീപമായ് പ്രഭ വിതറാൻ വി. ജോസ് മരിയ റൂബിയോയെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...

### പള്ളിക്കൂദാശക്കാലം

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലം എന്നറിയപ്പെടുന്നത്. മിശിഹായുടെ മനുഷ്യാവതാരരഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗ്ഗീയമഹത്വ രഹസ്യത്തിൽ പൂർത്തിയാകുന്ന വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്. ⏩



# സൗഭാഗ്യങ്ങളുടെ പറുദീസ

**അനു കുരിശുംമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"കർത്താവിന്റെ പരിശുദ്ധ നാമത്തിൽ അഭിമാനം കൊള്ളുവിൻ, അവനെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ. കർത്താവിനെയും അവിടുത്തെ ശക്തിയേയും അന്വേഷിക്കുവിൻ. അവന്റെ സാന്നിദ്ധ്യം എപ്പോഴും തേടുവിൻ" (1 ദിനവൃത്താന്തം 16,10-12),*

ആകുലതകളും ഭയവും മനസ്സിനെ വേട്ടയാടുമ്പോൾ ആശ്വാസവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്ന അഭയസ്ഥാനം നാം കൊതിക്കാറുണ്ട്. അവിടം ഭവനമായി നമ്മുടെ മനസ് ഉറച്ചുവിശ്വസിക്കുന്നു. ആ ഭവനം സർവ്വവിധ കൃപകളാലും സമ്പന്നമാകുമ്പോഴോ... വേദനകളും വിതുമ്പലുകളും അവസാനിക്കുകയായി. വാസ്തവത്തിൽ മാമ്മോദീസായിലൂടെ നാം പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്ന സഭയാകുന്ന ഭവനം സർവ്വവിധ കൃപകളാലും മുടി ചൂടപ്പെട്ടതാണ്. ഭാവിമഹത്ത്വത്തിന്റെ മുന്നാസ്വാദനം അനുഭവിക്കേണ്ടത് സഭാജീവിതത്തിലാണ്. 'പള്ളിക്കൂദാശക്കാലം' വിജയമുടി ചൂടാനിരിക്കുന്ന സഭയുടെ ദിവ്യരഹസ്യങ്ങളെ




പ്രഘോഷിക്കുന്ന സമയം! ഇത് പറുദീസായുടെതന്നെ മുന്നാസ്വാദനം!

കണ്ണഞ്ചിപ്പിക്കുന്ന വർണ്ണങ്ങളാൽ 'ഈ ലോകജീവിതം മാത്രം യാഥാർത്ഥ്യം' എന്ന് വിശ്വസിപ്പിക്കാൻ തത്രപ്പെടുന്ന ഒരു തത്ത്വശാസ്ത്രം ഇന്ന് പ്രബലപ്പെടുന്നു. എന്നാൽ ജീവിതയാഥാർത്ഥ്യങ്ങളുമായി സംവേദിക്കുമ്പോൾ ഇത് നിരർത്ഥകമാണെന്ന് കാണാം. ഇവിടെയാണ് വരാനിരിക്കുന്ന സൗഭാഗ്യജീവിതത്തെ സ്വപ്നം കാണാൻ, അതിന്റെ മഹത്ത്വത്തെ ധ്യാനിക്കാൻ സഭ ക്ഷണിക്കുന്നത്. വിശുദ്ധാത്മാക്കളെല്ലാം ഭാവിമഹത്ത്വത്തെ ധ്യാനിച്ചവരാണ്. മാർ അപ്രേം വിവരിക്കുന്നു: "പറുദീസാ അതിന്റെ ശാന്തതയാലും സൗന്ദര്യത്താലും എന്നെ സന്തുഷ്ടനാക്കി; പരിപാവനമായ ഒരു സൗരഭ്യം അതിൽ വസിക്കുന്നു. ഭയമെന്തെന്നറിയാത്ത സമാധാനം അതിലുണ്ട്. മുള്ളുകൾ നിറഞ്ഞ ഭൂമിയുടെ തീരത്ത് ഞാൻ എത്തിയപ്പോൾ എല്ലാത്തരം വേദനകളും പീഡകളും ഞാൻ അഭിമുഖീകരിച്ചു. പറുദീസായുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ വാസസ്ഥലം വെറുമൊരു ചാണകക്കുഴിയാണെന്ന് ഞാൻ ഗ്രഹിച്ചു എങ്കിലും അതിനുള്ളിലെ തടവുകാർ അതു വിട്ടുപോകുമ്പോൾ കരയുന്നു" (പറുദീസാഗീതങ്ങൾ 5,12-13).

പറുദീസായുടെ മാധുര്യം നുകരുവാൻ അവിടുന്ന് സഭ സ്ഥാപിച്ചു. അവിടുത്തെ തിരുഹിതം ആരായേണ്ടതിന് വചനവും നല്കി. കല്പനകൾ അനുസരിച്ചുള്ള ജീവിതമാണ് പറുദീസായിൽ പ്രവേശിക്കാൻ ഒരുവനെ അർഹനാക്കുന്നത്: "ദൈവം മനോഹരതോട്ടം നട്ടുപിടിപ്പിച്ചു. അവിടുന്ന് പരിശുദ്ധ സഭയെ സ്ഥാപിച്ചു. അറിവിന്റെ വൃക്ഷത്തിന്മേൽ, അവിടുന്നു കല്പന സ്ഥാപിച്ചു. അവിടുന്ന് ആനന്ദം നല്കി; എന്നാൽ അവർ ആമോദിച്ചില്ല. അവിടുന്നു കല്പന നല്കി; എന്നാൽ അവർ ഭയചകിതരായില്ല. അവിടുന്നു സഭയിൽ തന്റെ വചനം സ്ഥാപിച്ചു. അതിന്റെ വാഗ്ദാനങ്ങളാൽ അതു സന്തുഷ്ടരാക്കുന്നു. അതിന്റെ താക്കീതുകളാൽ അത് ഭയം ജനിപ്പിക്കുന്നു. വചനത്തെ നിന്ദിക്കുന്നവർ നശിക്കുന്നു. താക്കീത് സ്വീകരിക്കുന്നവൻ ജീവിക്കുന്നു" (പറുദീസാഗീതങ്ങൾ 6,7).

അതെ, ജീവൻ നല്കുന്ന പ്രത്യാശയുടെ ഉറവിടമാണ് വരാനിരിക്കുന്ന പറുദീസാ. ഈ ലോകജീവിതത്തിന്റെ സഹനങ്ങളെല്ലാം അർത്ഥപൂർണ്ണമാകുന്നത് ദൈവവുമായുള്ള നിത്യമായ ഐക്യത്തിൽ - പറുദീസാ ജീവിതത്തിലുള്ള - പ്രത്യാശയിലാണ്. ഈ വിശ്വാസവും കാത്തിരിപ്പും നമുക്ക് ആശ്വാസമാകട്ടെ!

"കരയുന്നവരേ, നിങ്ങൾ സാന്ത്വനപ്പെടുവിൻ. എന്തുകൊണ്ടെന്നാൽ, നിങ്ങൾ പറുദീസാ പ്രാപിക്കും. അതിന്റെ നീർത്തുള്ളികൾ നിങ്ങളുടെ മാലിന്യം കഴുകിക്കളയും. അതിന്റെ ശ്രവണം നിങ്ങളെ സുഗന്ധപൂരിതമാക്കും; നിങ്ങളുടെ അദ്ധ്വാനത്തിനുശേഷം അതിന്റെ സമാശ്വാസം നിങ്ങൾക്കു വിശ്രമം തരും. അതിന്റെ കിരീടം നിങ്ങൾക്ക് സമാശ്വാസം തരും. നിങ്ങളുടെ വിശപ്പിന് അതു നിങ്ങൾക്ക് അതിന്റെ ഫലങ്ങൾ തരും. അതു കഴിക്കുന്നവരെ അത് ശുദ്ധീകരിക്കും. നിങ്ങളുടെ ദാഹത്തിന് നിങ്ങൾക്കത് സ്വർഗ്ഗീയ പാനീയം നല്കും. അത് കുടിക്കുന്നവരെ അത് ജ്ഞാനികളാക്കും" (പറുദീസാഗീതങ്ങൾ 7,3).

### പള്ളിക്കൂദാശക്കാലം

*പള്ളിക്കൂദാശ എന്നതുകൊണ്ട് സഭാസമർപ്പണം എന്നാണർത്ഥമാക്കുന്നത്. പള്ളിക്കൂദാശക്കാലത്തിന്റെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. അവസാനവിധിക്കുശേഷം മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലഘട്ടത്തിന്റെ ആരംഭത്തിൽത്തന്നെ അനുസ്മരിച്ചു വരുന്നത് ഉചിതമാണ്.*

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# നമുക്കും ദൈവാലയമാകാം

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ അചഞ്ചലമായ സ്നേഹം അനുഭവിക്കുവാനും പൈതൃകമായ പരിപാലനയുടെ മാധുര്യം നുകരുവാനും അങ്ങു ഞങ്ങളെ അനുവദിച്ചുവല്ലോ. പുതിയ ജറുസലേമായി സഭയെ തിരഞ്ഞെടുത്ത അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. കർത്താവേ, ഈ ദിവ്യ ഭവനത്തിൽ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കുവാനും ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുവാനും ഭാഗ്യം ലഭിച്ച ഞങ്ങളെ സകല സ്വർഗ്ഗവാസികളോടുംകൂടി അങ്ങയെ പരിശുദ്ധൻ എന്നു പാടി സ്തുതിക്കുവാൻ യോഗ്യരാക്കണമേ"*

(കുർബാന - പ്രോപ്രിയ പള്ളിക്കൂദാശക്കാലം).

സകല സൗഭാഗ്യങ്ങളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന സഭയാകുന്ന ദൈവാലയത്തിലേക്കു മാമ്മോദീസായെന്ന കൂദാശയിലൂടെ പ്രവേശിപ്പിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. സ്വർഗ്ഗീയമഹത്ത്വം പ്രഘോഷിക്കത്തക്കവിധത്തിൽ ഈ ദൈവാലയത്തിൽ വ്യാപരിക്കേണ്ടവർ. ദൈവത്തിൽമാത്രം പ്രത്യാശവെക്കുന്ന ആത്മാവും ചഞ്ചലമാകാത്ത മനസ്സും അപരനെ താങ്ങുന്ന കരങ്ങളും നന്മപറയുന്ന നാവും സ്വന്തമായുണ്ടാകേണ്ടവർ. ഏകമനസ്സോടെ പ്രാർത്ഥിച്ചും പങ്കുവച്ചും വളരേണ്ടവർ. ഇതു പ്രവൃത്തിപഥത്തിലെത്താൻ ആശ്രയത്വത്തിന്റെയും പരിത്യാഗത്തിന്റെയും എളിമയുടേതുമായ ഒരു ആന്തരിക അവസ്ഥ ആവശ്യമാണ്. അതിനായി,

**ദൈവത്തോട്:** എന്നോടു കൂടിയായിരിക്കുന്ന ദൈവവുമായുള്ള വ്യക്തിബന്ധത്തിന്റെ ഹൃദ്യാനുഭവമായി പ്രാർത്ഥന, പ്രത്യേകമായി വി. കുർബാന ജീവിക്കുക. അങ്ങനെ ദൈവമനുഷ്യസംഗമവേദിയായി പ്രാർത്ഥനാജീവിതം രുചികരമാക്കുക.

**തന്നോടുതന്നെ:** മറ്റുള്ളവർക്കു നമ്മിലേക്കു കടന്നുവരുവാൻ ബുദ്ധിമുട്ടുളവാക്കുന്ന നമ്മിലെ സ്വഭാവവൈകല്യങ്ങളെ ഉന്മൂലനം ചെയ്യുവാനും സഹോദരങ്ങളെ നമ്മിലേക്ക് ആകർഷിക്കുന്ന വൈശിഷ്ട്യഗുണഗണങ്ങളെ നേടിയെടുക്കുവാനുമുള്ള "ജോലി" ഇപ്പോൾതന്നെ ആരംഭിക്കാം.

**മറ്റുള്ളവരോട്:** ഈശോയ്ക്കു നമ്മോടുള്ള സ്നേഹംപോലെ, കരുതലുപോലെ, വാത്സല്യംപോലെ, കരുണപോലെ ആർദ്രഭാവം മറ്റുള്ളവരുടെ നേർക്ക് നമുക്കും പ്രകടമാക്കാം.

**സാഹചര്യങ്ങളോട്:** ദൈവം നമുക്കായി നൽകിയിരിക്കുന്ന, നാമിന്നായിരിക്കുന്ന നമ്മുടെ കുടുംബവും നമ്മുടെ ജോലിയും നമ്മെ സമീപിക്കുന്ന ഏവരെയും നാമാകുന്ന 'ദൈവാലയത്താൽ' പവിത്രീകൃതമാക്കാം.

# ദൈവദാസൻ ബിഷപ്പ് വില്യം ജകഫീന്താ



കൂട്ടുകാരേ വലത്തോട്ടോ ഇടത്തോട്ടോ താഴേക്കോ ചരിച്ച് മുകളിലേക്കോ ഉള്ള അക്ഷരങ്ങൾ ചേർത്തുവച്ചു ശരിയായ ഉത്തരം അടയാളപ്പെടുത്തിയശേഷം ആദ്യകോളത്തിൽ ഉത്തരത്തിന്റെ നമ്പർ ഇട്ട് അയച്ചുതരാൻ മറക്കരുതേ. ഒരു ഉദാഹരണം ചുവടെ കൊടുത്തിരിക്കുന്നു.

1. യൂദാസ് സ്കറിയോത്തയ്ക്കു പകരം ശ്ലീഹന്മാരുടെ ഗണത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട വ്യക്തി?
2. സുവിശേഷകന്മാരിൽ സഭ എന്ന പദം ഉപയോഗിച്ചിട്ടുള്ള ഏക ശ്ലീഹാ?
3. വി. യോഹന്നാന്റെ സുവിശേഷപ്രകാരം ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ആദ്യം വിളിക്കപ്പെട്ടയാൾ?
4. ചരിത്രത്തിൽ ആദ്യമായി സ്വന്തം പുത്രി വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്നതു കണ്ട അമ്മ (വി. മരിയഗൊരേത്തിയുടെ അമ്മ)?
5. ദിദിമൂസ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ശ്ലീഹാ?
6. ഉത്ഥാനത്തിന്റെ ആദ്യസാക്ഷിയായ ശ്ലീഹാ?
7. ഈശോയുടെ കുരിശിൻചുവട്ടിൽ ഉണ്ടായിരുന്ന ശിഷ്യൻ?
8. മത്തായിശ്ലീഹായുടെ മറ്റൊരു പേര്?
9. ബർത്തലോമിയാ ശ്ലീഹായുടെ മറ്റൊരു പേര്?
10. വി. പത്രോസ് ആദ്യമായി സഭയിലേക്കു സ്വീകരിച്ച വിജാതീയൻ?
11. വേദപാരംഗതയായി ഉയർത്തപ്പെട്ടവരിൽ ഏറ്റവും പ്രായം കുറഞ്ഞ വിശുദ്ധ?
12. സഭയിലെ ആദ്യത്തെ വേദപാരംഗത?

ഉത്തരങ്ങൾ എല്ലാം കണ്ടുപിടിച്ചശേഷം കാണുന്ന വാക്കും അതിന്റെ അർത്ഥവും ചുവട്ടിൽ മറക്കാതെ എഴുതണേ?

| | | | | | | |
|---|---|---|---|---|---|---|
| യി | ത്താ | മ | ത്തി | യാ | സ് | ൻ |
| അ | ന്ത്ര | യോ | സ് | യൂ | ന്നാ | തോ |
| സൂ | ശി | ത്രോ | ലി | ഹ | വി | മ |
| ന്ത | പ | ണേ | യോ | ലേ 8 | ഹാ | സ് |
| മി | ർ | ന | ഥാ | ന | യേ | ൽ |
| കൊ | ച്ചു | ത്രേ | സ്യ | ത്രേ | മ്മ | അ |

J

ZX

**കഴിഞ്ഞ ലക്കത്തിലെ വിജയി:**
**ലിയാ & ലിയോ പാലമുറിയിൽ, പൊൻകുന്നം**

(തയ്യാറാക്കിയത്: സ്റ്റെഫി മംഗലത്തുകുന്നേൽ)

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഡിസംബർ 10).

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ മാങ്ങാനം പി. ഒ., കോട്ടയം 686 018







# EVERY YOUTH IS CALLED TO DISCIPLESHIP

**Fr. Sebastian Kaippanplackal**
Youth Director, Kanjirapally Diocese

The last liturgical season, the dedication of the Church, is prayed over in the month of November. This season is supposed to have its origin in connection with the feast of the dedication of the Church, which had been in prevalent among Christians long years back. The spirit of this season refers to two things: 1. the Church is saved by the Cross; 2. the reunion of the faithful (Church) with God through Sacred Blood of Jesus and in return they offer praises to the everlasting priest, Jesus. It is so because Christ has strengthened the Church by truth in order to stand firm in the wind and storm. Founded on the faith of St. Peter the Church being strong enough and all the works of the Satan is in vain.

The redemption and sanctification of the Church is through the sacrifice of Jesus on CALVARY. Thus Church is raised as the bride of Jesus and she longs to have a perennial encounter with the Bridegroom, Jesus. This encounter is the holiness of the Church.

As we know the holiness of the Church is based on the holiness of the founder of the Church, viz, Jesus. Therefore, the saintliness of the Church is not affected whether its members are holy or not. This season urges the faithful to sanctify themselves through the heavenly treasures of the Holy Cross, Holy Scripture and the Sacraments. SANCTIFICATION of the whole Church is spiritually aimed at this season.

Everybody is called to holiness and the youth in special. In this era of scientific advancements and economic developments to lead a holy life is very difficult. Besides, the complexity of modern life makes saintliness a difficult task. Every advancement affects the spiritual and socio-cultural life of the youth. The season of the dedication of the Church urges them to walk straight looking at the cross to meet the redeemer. Holiness is the heritage of the whole Church and youth are invited to have share in it. It is possible for them through putting on Christ and renewing their life by stripping of




their sinful man. A total commitment is demanded from youth. This commitment is to the person of Christ and His kingdom which is called faith. It is a fact that holiness is shadowed by scientific achievements. Understanding the meaning of discipleship is the medicine for this illness. The Church has to help the youth to grow to the discipleship. Even then the importance of the youth is never a step back. This is clear from the words of Pope Benedict who says the ''youth are the face of the Church and without them the Church would be disfigured".

Pope Francis accepts the changes that happens in the world and says that we need saints wearing Jeans and eating Pisa. It doesn't mean the temporal. But it means a commitment to the person of Jesus disregarding their external appearance and their menu. Further more it is a call to discipleship. The disciple is one who is loved by Jesus (Mk 3:13) and disciples' love is expressed in their commitment to him. Love to the teacher leads to a strong bond of relation. Jesus asked the disciple to "Follow me" and they immediately followed Him. Immediately means without delay and without hesitation. This total dedication is the readiness to take challenges and threats to stand with Him. Standing with Him is Holiness. Apostles were never reluctant to lay down their life to the person to whom they were committed. Thus they could say "Let us go and die with Him" (Jn 11:16). This should be the ultimate aim of the youth to be gained. Every spiritual exercise of the Church paves the way for the youth to attain this goal.

The modern trend is that of a peripheral relationship. Peripheral relationship never leads to any sort of commitment. Today the Youth trend is to float over the waves. They don't want to stick on to any sort of solid relationship. This trend is reflected even in the parent - children relationship and every other walks of life. This is also clear from the spiritual life of Youth.

Until and unless Youth hold a strong relationship with Jesus, their friend and master, they cannot be good disciples. When they build their life on the foundation of Jesus every other relationship becomes strong and noble. Because we cannot alone walk to heaven without those who ought to walk with us. Youth are so vibrant and charming. So they could be a Gospel of presence by showing Jesus to everyone through their loving heart, merciful hands, compassionate eyes, consoling words and curing touch.

Youth are in the hurly-burlys of their daily life. Social and peer pressures is so much on them. But they cannot run away from the duties of being holy and helping others holy. It is because we are called to be so. This is easily accessed through a very personal friendship with Jesus. Every moment He calls them for a friendship and says 'Let them come to me do not stop them' (Lk 18:12). If we ponder over the Gospel passages then we can closely watch that He loved the youth so much. Every disciple was youth, he raised widow's young son at Nain (Lk 7: 11-17), young girl is restored to life (Lk 8:40-48), young Lazarus is raised to life are some of the examples of Jesus love to youth. The youth if they realize this attitude of Jesus then they will stand with Him and will be holy. It is because of this reason Pope Benedict says that youth are willed by God and they are necessary here. For the renewal of the person, the Church and the society every youth if necessary only is they perform their duties properly.





# ഹൃദയങ്ങൾ ഒരുക്കിയിടുക

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

**വി**തക്കാരന്റെ ഉപമ പറഞ്ഞ യേശു തുടർന്നു വ്യാഖ്യാനവും വിശദീകരണവും നൽകുന്നുണ്ട്. ഹൃദയനിലങ്ങളിൽ വീഴുന്ന വചനങ്ങൾക്കു പല കാരണങ്ങളാൽ പരുക്കു പറ്റുന്നു. കാരണം, വിത്തുകൾ വീണ നിലങ്ങൾ അതിനു വളരാൻ കഴിയുന്ന വിധത്തിൽ അനുയോജ്യങ്ങളല്ലായിരുന്നു. അതുകൊണ്ട് എല്ലാ വയലുകളും, നിലങ്ങളും വിത്തിനു വളരാൻ പറ്റുന്ന വിധത്തിൽ ഒരുക്കിയിടുക മാത്രമേ ചെയ്യാനായിട്ടുള്ളൂ. കാരണം, യജമാനൻ വിതയ്ക്കാൻ പുറപ്പെടുന്നത് എപ്പോഴാണ് എന്ന് അറിയില്ലല്ലോ!

നമ്മുടെ ഹൃദയമാണ് വയൽ എങ്കിൽ ഇന്നു ഹൃദയത്തിനു സ്ഥാനമില്ല. ബുദ്ധി വളരുമ്പോൾ ഹൃദയം ശുഷ്കിച്ചുപോകുന്നു. എവിടെയോ വായിച്ച ഒരു കഥയിങ്ങനെ. ഒരമ്മയ്ക്കു രണ്ടു മക്കൾ. ഒരാളുടെ പേര് 'ബുദ്ധി'യെന്നും മറ്റേയാളുടെ പേര് 'ഹൃദയ' മെന്നുമായിരുന്നു. അമ്മയ്ക്ക് 'ബുദ്ധി'യോടായിരുന്നു കൂടുതൽ സ്നേഹം. ബുദ്ധിക്കു പ്രത്യേകമായി പാലും, മുട്ടയും കൊടുത്തതിനാൽ അവനങ്ങു നന്നായി കൊഴുത്തുവളർന്നു. പാവം ഹൃദയത്തിനു കട്ടൻകാപ്പിയും ബുദ്ധിക്കു കൊടുത്തതിന്റെ മിച്ചം വല്ലതും വന്നാൽ

അതും. ഒരു പ്രഭാതത്തിൽ 'ഹൃദയം' മരിച്ചു. അപ്പോഴാണ് അമ്മയ്ക്കു ഹൃദയത്തിന്റെ മൂല്യം പിടികിട്ടിയത്.

ശരീരത്തെമാത്രം വളർത്തുകയും ഹൃദയത്തെ തളർത്തുകയും ചെയ്യുമ്പോൾ നമ്മിൽനിന്നു കരുണയും സ്നേഹവും വാത്സല്യവും പടിയിറങ്ങിപ്പോകും. മാതാപിതാക്കന്മാർ തെരുവോരങ്ങളിലും അനാഥാശ്രമങ്ങളിലും ഒറ്റപ്പെടും. മനുഷ്യൻ ഹൈടെക് ആകുമ്പോൾ ദൈവവും ദൈവവചനവും ഔട്ടാകുന്നു. മറ്റൊരു കഥകൂടി. ഗ്രാമത്തിലെ മൂന്നു സ്ത്രീകൾ അവരുടെ കുടങ്ങളുമായി ദൂരത്തുള്ള കിണറ്റിൽനിന്നും വെള്ളം കോരാനായി എത്തി. അവർ അവരുടെ മക്കളെക്കുറിച്ച് പുകഴ്ത്തി പറഞ്ഞുകൊണ്ടിരുന്നു. ഒരു ജ്ഞാനിയായ മനുഷ്യൻ ഇതു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആദ്യത്തെ സ്ത്രീ പറഞ്ഞു: "എന്റെ മകൻ ശക്തനും കേമനുമാണ്. മറ്റാർക്കും അവനെപ്പോലെ കേമനാകാൻ സാധിക്കില്ല." രണ്ടാമത്തെ സ്ത്രീ പറഞ്ഞു: "എന്റെ മകൻ ഒരു കുയിലിനെപ്പോലെ പാടും." മൂന്നാമത്തെ സ്ത്രീ പറഞ്ഞു: "എന്റെ മകന് പ്രത്യേകിച്ചു കഴിവൊന്നുമില്ല. അവൻ മിടുക്കനാണ്. അവനെപ്പോലെ മറ്റനേകരും ഉണ്ട്. എന്തെങ്കിലും പ്രത്യേകിച്ചു ചെയ്യാൻ അവനറിയില്ല." ഇങ്ങനെ പറഞ്ഞുകൊണ്ടു കുടങ്ങൾ നിറച്ച് അവർ ഗ്രാമത്തിലേക്കു മടങ്ങി. ആ സമയത്തു മൂന്നു യുവാക്കൾ അവർക്കെതിരേ വന്നു. ഒന്നാമൻ വളരെ പെട്ടെന്ന് ഒരു അഭ്യാസം കാട്ടി. ആകാശത്ത് ഉയർന്നുപൊങ്ങി വട്ടംകറങ്ങി താഴത്തു നിന്നു. 'ഭയങ്കരം' എല്ലാവരും പറഞ്ഞു.

രണ്ടാമത്തവൻ ഒരു പാട്ടു പാടാൻ തുടങ്ങി. മൂന്നാമത്തവൻ അവന്റെ അമ്മയുടെ അടുക്കലേക്കുവന്ന് ഭാരമുള്ള കുടം അവന്റെ തലയിലേറ്റി അമ്മയോടൊപ്പം നടന്നു. ആ സ്ത്രീകൾ ജ്ഞാനിയോടു ചോദിച്ചു: "ഞങ്ങളുടെ മക്കളെക്കുറിച്ച് എന്തു പറയുന്നു?" ജ്ഞാനി ചോദിച്ചു: "മക്കളോ, ഞാൻ ഇവിടെ ഒരു മകനെ മാത്രമേ കണ്ടുള്ളൂ." യേശു പറഞ്ഞു: "അവരുടെ ഫലങ്ങളിൽനിന്ന് അവരെ തിരിച്ചറിയും" (മത്താ. 7:16)."

ആധുനികപഠനങ്ങൾ, യന്ത്രവത്കരണ വിവരസാങ്കേതികവിദ്യ ഇവയിലെല്ലാം ആധുനിക ജ്ഞാനം ഇല്ല. ജ്ഞാനം ഹൃദയത്തിൽനിന്നും വരുന്നു. അതിനാൽ ഹൃദയങ്ങൾ തരിശായി ഇടാതെ ഫലം നൽകുന്നതിനായി ഒരുക്കിയിടുക. കാരണം എപ്പോഴാണു യജമാനൻ വിത്തുകളുമായി പുറപ്പെടുന്നത് എന്ന് അറിയില്ല!

### പള്ളിക്കൂദാശക്കാലം

*യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ഓർശ്ലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി ഈ ഭൂമിയിൽ അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന തിരുസഭ, ലോകാന്ത്യത്തിൽ സകലവിശുദ്ധരോടും സത്യവിശ്വാസികളോടും ചേർന്നുകൊണ്ട് മിശിഹായെ അതീവാനന്ദത്തോടെ എതിരേല്ക്കുകയും അവിടുത്തേക്ക് എല്ലാവിധ സ്തുതിയും മഹത്ത്വവും ബഹുമാനവും നിരന്തരം സമർപ്പിക്കുകയും ചെയ്യുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നല്കുന്ന കാലഘട്ടമാണിത്.* ▸▸






# നന്മയുടെ സുഗന്ധം പരത്താം


**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


*"ദൈവത്തിന്റെ സൃഷ്ടിയായ ഓരോ മനുഷ്യനിലും നന്മയുണ്ട്. അതു തേച്ചുരച്ച് മിനുസപ്പെടുത്തിയെടുക്കണം"*
*(ദൈവദാസൻ ബിഷപ്‌വില്യം ജക്വീന്താ)*

ഒരിക്കൽ ഒരു പ്രസംഗത്തിൽ കേട്ട കഥ ഓർമ്മവരുന്നു.

ഒരു വലിയ കാട്. ആ കാട്ടിൽ ധാരാളം വൃക്ഷങ്ങളും ചെടികളും ഉണ്ടായിരുന്നു. അവിടെ പലതരത്തിലുള്ള മൃഗങ്ങളും പക്ഷികളും ജീവിച്ചിരുന്നു. പുഴകളും അരുവികളും ആ കാടിന്റെ ഭംഗി വർദ്ധിപ്പിച്ചു. അവിടെ ഒരു പ്രത്യേകതരം പക്ഷി ഉണ്ടായിരുന്നു. ആ പക്ഷി പാട്ടുപാടിയാൽ ആ കാട്ടിൽ വസന്തകാലമാണ്. വൃക്ഷങ്ങളിലും ചെടികളിലും പൂക്കളും കായ്കളും ഉണ്ടാകും. അരുവികളിലും പുഴകളിലും ജലം നിറയും. പച്ചപ്പുല്ലുകൾ കിളിർക്കും. മൃഗങ്ങൾ ഉല്ലസിച്ച് ഓടി നടക്കും. പക്ഷികൾ പാറിപ്പറന്നു നടക്കും. മൃഗങ്ങൾക്കും പക്ഷികൾക്കും ഇഷ്ടംപോലെ തിന്നാനും കുടിക്കാനും സാധിക്കും. എന്നാൽ, പക്ഷി ചിറകിട്ടടിച്ചാൽ കാടിന്റെ അവസ്ഥ മാറും. കാട്ടിലെ വൃക്ഷങ്ങളും ചെടികളും ഉണങ്ങികരിഞ്ഞു പോകും.പുഴകളും അരുവികളും ജലമില്ലാതെ വറ്റിവരളും. മൃഗങ്ങൾക്കും പക്ഷികൾക്കും തിന്നാൻ ഒന്നുമില്ലാതെ പട്ടിണികിടക്കേണ്ടിവരും. പക്ഷേ, പക്ഷി ഒരിക്കലും പാട്ടുപാടുകയില്ല. അത് എപ്പോഴും ചിറകിട്ടടിക്കുകയേ




ഉള്ളൂ. അതുകൊണ്ടു മൃഗങ്ങൾക്കും പക്ഷികൾക്കും എന്നും ദുഃഖമാണ്. ഒരിക്കൽ മൃഗങ്ങളും പക്ഷികളുംകൂടി ഒരു തീരുമാനമെടുത്തു. പക്ഷിയുടെ ചിറകുകൾ കെട്ടിവെക്കുക. അങ്ങനെ പക്ഷിയുടെ ചിറകടി നിന്നു. പക്ഷി പാട്ടു പാടാൻ തുടങ്ങി.

(എല്ലാ മനുഷ്യരിലും നന്മയും തിന്മയുമുണ്ട്. ദൈവം മനുഷ്യനു സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. ആ സ്വാതന്ത്ര്യം മനുഷ്യൻ ഇന്നു ദുരുപയോഗിക്കുകയാണ്). തിന്മ ഭരണം നടത്തുന്ന, കൊടികുത്തി വാഴുന്ന ഒരു അവസ്ഥയാണ് ഇന്ന് എല്ലാ രംഗങ്ങളിലും കാണുവാൻ സാധിക്കുന്നത്. കുടുംബങ്ങളിലും രാഷ്ട്രീയ രംഗത്തും സ്ഥാപനങ്ങളിലും തൊഴിൽരംഗത്തും എല്ലാം തിന്മയുടെ വിളയാട്ടമാണു നടക്കുന്നത്. സത്യം, നീതി, സ്നേഹം ഈ മൂല്യങ്ങളെയെല്ലാം തിന്മയുടെ മുമ്പിൽ മുട്ടുകുത്തിക്കാൻ ശ്രമിക്കുന്ന കാഴ്ചയാണ് നാം നിത്യവും കാണുന്നത്. പണത്തിനും സ്ഥാനത്തിനും അംഗീകാരത്തിനുംവേണ്ടി എന്തു ദുഷ്ടതയും ചെയ്യുവാൻ ഇന്നു പുരുഷനും സ്ത്രീയ്ക്കും മടിയില്ല. സ്വന്തം രക്തത്തിൽ പിറന്ന പിഞ്ചുകുഞ്ഞുങ്ങളോടുപോലും ക്രൂരത കാട്ടുന്ന മാതാപിതാക്കൾ.

ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന വലിയ നിധി(ദാന)യാണ് സ്നേഹം. ക്രൈസ്തവമുദ്ര സ്നേഹമായിരിക്കണം എന്നത് ഈശോനാഥന്റെ കല്പനയാണ്. ഈശോ തന്റെ ഈലോകയാത്രയുടെ അന്ത്യഘട്ടത്തിൽ തന്റെ ശിഷ്യന്മാർക്കു നൽകിയ പുതിയ സന്ദേശമാണ് ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക'' എന്നത്. എന്നാൽ, ഈ സ്നേഹത്തിന്റെ അഭാവം, അതേ സ്നേഹമില്ലായ്മയാണ് ഇന്ന് എവിടെയും ദർശിക്കാനാവുക. സ്നേഹരാഹിത്യമാണ് എല്ലാ തിന്മകൾക്കും കാരണം. ആർക്കും ആരോടും സ്നേഹമില്ലാത്ത അവസ്ഥ. "നല്ല മനുഷ്യൻ നന്മയുടെ ഭണ്ഡാരത്തിൽനിന്നും നന്മ പുറപ്പെടുവിക്കുന്നു. ദുഷ്ടനാകട്ടെ, തിന്മയുടെ ഭണ്ഡാരത്തിൽനിന്നു തിന്മ പുറപ്പെടുവിക്കുന്നു'' (മത്തായി 12:34).

വി. പൗലോസ് ശ്ലീഹാ റോമാ 12:9-ൽ പറയുന്നു: "നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ. നന്മയെ മുറുകെ പിടിക്കുവിൻ."

ദൈവത്തിന്റെ അമൂല്യദാനമാണു നമ്മുടെ ജീവിതം. "നമ്മുടെ ഹൃദയം എന്തിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതായിരിക്കും നാം മറ്റുള്ളവർക്കു കൊടുക്കുക" (ദൈവദാസൻ ബിഷപ് വില്യം ജകിന്താ) ദൈവസ്നേഹത്താലും മനുഷ്യസ്നേഹത്താലും നിറഞ്ഞതാണു നമ്മുടെ ഹൃദയമെങ്കിൽ നമ്മെയും മറ്റുള്ളവരെയും അതു ജീവിപ്പിക്കും. സ്വാർത്ഥതയും വിദ്വേഷവും നിറഞ്ഞ ഹൃദയമാണെങ്കിൽ ദൈവമനുഷ്യബന്ധത്തെ അതു തച്ചുടയ്ക്കും.

നമ്മുടെ സഹജീവികൾക്കു ദോഷം സംഭവിക്കുന്നതൊന്നും നാം ചെയ്യരുത്. നമ്മുടെ






വാക്കോ പ്രവൃത്തിയോ ചിന്തയോകൊണ്ടു നമ്മുടെ മാതാപിതാക്കൾക്കോ സഹോദരങ്ങൾക്കോ സ്നേഹിതർക്കോ നമ്മോടു തിന്മ ചെയ്യുന്നവരുടെപോലുമോ ശരീരത്തിലോ മനസ്സിലോ ഹൃദയത്തിലോ നാം മുറിവേല്പിക്കരുത്.

മഹാനായ സ്റ്റീഫൻ ഗ്രല്ലെയുടെ വാക്കുകൾ അന്വർത്ഥമാക്കാം: "ഞാനീ ലോകത്തിലേക്ക് ഒരിക്കൽ മാത്രമേ കടന്നുവരൂ. സഹജീവികൾക്കു ചെയ്യാവുന്ന നന്മ ഇപ്പോൾതന്നെ ചെയ്യട്ടെ. അതു വേണ്ടെന്നുവെക്കുവാനോ പിന്നത്തേക്കു മാറ്റിവെക്കുവാനോ സാധ്യമല്ല. കാരണം ഇതുവഴി ഞാൻ ഇനി കടന്നുവരില്ല".

ചെടി പൂക്കൾ വിരിയിച്ചു സുഗന്ധം അന്തരീക്ഷത്തിലാകെ വ്യാപിപ്പിക്കുന്നു. അതിന് മറ്റെന്താണു ചെയ്യാനാവുക? ഒത്തിരി വലിയ കാര്യങ്ങൾ നമുക്കു ചെയ്യാനായില്ലെങ്കിലും ആർക്കും ദ്രോഹം ചെയ്യാതിരിക്കാം. നമ്മുടെ നന്മയുടെ ഭണ്ഡാരത്തിൽനിന്നും സ്നേഹം പുറപ്പെടുവിക്കാം.

അത് ഒരു പുഞ്ചിരിയാവാം. നിരാശയിലും വേദനയിലും കഴിയുന്ന മനുഷ്യന് ആശ്വാസത്തിന്റെ, പ്രതീക്ഷയുടെ ഒരു വാക്കാകാം. കരയുന്ന മനുഷ്യന്റെ കണ്ണീരൊപ്പുന്നതാകാം. ചിരിക്കുന്നവരുടെകൂടെ ചിരിക്കുന്നതാകാം. ദാഹിക്കുന്നവർക്ക് ഒരു ഗ്ലാസ് ജലം നൽകുന്നതാകാം. വേദനിക്കുന്നവരെ ഒന്നു തലോടുന്നതാവാം. ദൈവദാസൻ വില്യം ജക്വീന്താ പിതാവു പറയുന്നതുപോലെ നമുക്കു "പൊട്ടിത്തെറിക്കുന്ന ബോംബുകളാവാം. എന്താണ് പൊട്ടിത്തെറിക്കേണ്ടത്! സ്നേഹം-പൊട്ടിത്തെറിച്ച് ലോകം മുഴുവൻ സ്നേഹത്താൽ കത്തിയെരിയിക്കുന്ന ബോംബുകളാവാം."

ഇന്നത്തെ ദുരവസ്ഥയിൽനിന്നും നമ്മുടെ രാജ്യത്തെ രക്ഷിക്കുക അത്യന്താപേക്ഷിതമാണ്. അതിനായി നമ്മുടെ രാജ്യത്തെ നരകതുല്യമാക്കാൻ ശ്രമിക്കുന്ന തിന്മയുടെ ശക്തികളെ അടിച്ചമർത്തി, സത്യം, സ്നേഹം, നീതി, ക്ഷമ എന്നീ മൂല്യങ്ങൾ വീണ്ടെടുക്കണമെങ്കിൽ ഓരോരോ രംഗങ്ങളിൽ നേതൃസ്ഥാനം വഹിക്കുന്നവർ തങ്ങളുടെ മാതൃകയിലൂടെ ഈ മൂല്യങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് തങ്ങളുടെ കീഴിലുള്ളവരെയും അതിനായി പ്രചോദിപ്പിക്കുകയാണ് വേണ്ടത്.


## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre
Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in

# ഓട്ടപ്പന്തയം



**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടി തീർക്കാം. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിലെത്തിക്കുന്നവനുമായ ഈശോയെ മുന്നിൽ കണ്ടുകൊണ്ടു വേണം ഓടാൻ (ഹെബ്രാ. 12:1-2).

ഓട്ടപ്പന്തയം എന്ന വാക്ക് ധ്യാനവിഷയമാക്കിയപ്പോൾ എന്റെ മനസ്സിലേക്കു കടന്നുവന്നത് ആമയുടെയും മുയലിന്റെയും കഥയാണ്. പണ്ടുകാലത്ത് ആമയും മുയലും ഓട്ടപ്പന്തയം നടത്തി. മുയൽ തോറ്റുപോയി. അതിന്റെ നാണക്കേടുമാറ്റാൻ ആധുനിക ഓട്ടപ്പന്തയം നടത്താൻ മുയൽ തീരുമാനിക്കുന്നു. ആമയുമായി അതിനെക്കുറിച്ചു ചർച്ച നടത്തി. ആമ സമ്മതം മൂളി. അപ്പോഴാണ് എവിടെ ഓടും എന്ന പ്രശ്നം പൊന്തിവന്നത്. മുയൽ പറഞ്ഞു, 'കെ. കെ. റോഡുതന്നെ തിരഞ്ഞെടുക്കാം.' ആമ പറഞ്ഞു, 'താങ്കൾ എന്താണീ പറയുന്നത്? അതു വലിയ ട്രാഫിക് ഉള്ള സ്ഥലമല്ലേ?' മുയൽ ആമയെ കളിയാക്കിക്കൊണ്ടു ഹാസ്യസ്വരത്തിൽ പറഞ്ഞു, 'ഇഴഞ്ഞുനീങ്ങുന്ന നിനക്കല്ലേ അതു ബുദ്ധിമുട്ടുണ്ടാക്കുന്നത്. എനിക്കു കുഴപ്പമൊന്നും ഇല്ല. ഞാൻ ഇരുവശത്തുകൂടിയും കടന്നുപോകുന്ന വാഹനങ്ങളുടെ ഇടയിലൂടെ ചീറിപ്പാഞ്ഞു ലക്ഷ്യത്തിലെത്തും.' ഒടുവിൽ മനസ്സില്ലാമനസ്സോടെ ആമ സമ്മതിച്ചു. പക്ഷേ, ഒരു കാര്യം - ആമ പറഞ്ഞു, 'ഞാൻ റോഡിന്റെ വശങ്ങളിൽ നടപ്പാതയുടെ അരികുചേർന്നേ ഓടൂ.' മുയലിന് അതു സ്വീകാര്യമായിരുന്നു. പിറ്റേദിവസം രണ്ടുപേരും സ്റ്റാർട്ടിങ്പോയിന്റിലെത്തി ഓട്ടം ആരംഭിച്ചു. ആമ അരികുചേർന്ന് ഇഴഞ്ഞുനീങ്ങി. മുയൽ അതിവേഗം റോഡിലൂടെ ഓടാൻ തുടങ്ങി. ആമ വളരെ നേരത്തെ




പരിശ്രമഫലമായി ലക്ഷ്യസ്ഥാനം കണ്ടു. അല്പം ലജ്ജയോടെ ഫിനിഷിങ് പോയിന്റിലേക്കു നീങ്ങിക്കൊണ്ടിരുന്നപ്പോൾ ആമ ചിന്തിച്ചു. മുയൽ വളരെ നേരത്തെ എത്തിയിട്ടുണ്ടാവും എന്ന്. ലക്ഷ്യസ്ഥാനത്തേക്കു കടന്നുചെന്ന ആമയെ എല്ലാവരും കൈയടിച്ചു സ്വീകരിച്ചു. സ്ഥലത്തെ പ്രമുഖനേതാക്കൾ പൂമാലയുമായി വരുന്നു. അണിയിക്കുന്നു. പൂകൊടുത്തു സ്വീകരിക്കുന്നു. ആമയ്ക്ക് ഒന്നും മനസ്സിലാകുന്നില്ല. മുയൽ എത്തിയിട്ടില്ല എന്ന് അവൻ തിരിച്ചറിഞ്ഞു. മുയലിനെ കാണാനായി പരതിയപ്പോൾ അതാ ദൂരത്തുനിന്നും അവൻ വരുന്നു. നടക്കാൻ തീരെ പറ്റുന്നില്ല. വയർ വീർത്തിരിക്കുന്നു. ചെളിപിടിച്ച് ആകെ മുഷിഞ്ഞിരിക്കുന്നു. ആമ തിരക്കി, "എന്തുപറ്റി സഹോദരാ?" മുയൽ വളരെ വിഷമത്തോടെ പറഞ്ഞു, "കെ. കെ. റോഡുവഴി വാഹനങ്ങളുടെ ഇടയിലൂടെ ഓടിയപ്പോൾ കുഴിയിൽ വീണു. ചെളിവെള്ളം വയറുനിറയെ കുടിച്ചു. കുഴിയിൽ വീണുവീണ് ദേഹംമുഴുവൻ വേദന. കാലുകൾക്കു ശക്തിയില്ല. രോമംമുഴുവൻ ചെളിപിടിച്ചു വൃത്തികേടായി." നാണക്കേടുമാറ്റാൻ പോയ മുയൽ ഇരട്ടി നാണക്കേടുമായി മടങ്ങി. ഇത് ആരെയൊക്കെയോ കളിയാക്കാൻവേണ്ടി ഹാസ്യരൂപത്തിൽ മെനഞ്ഞ കഥയാണെങ്കിലും നമ്മുടെ ആധ്യാത്മികജീവിതത്തിൽ ഇതിനു വലിയ പ്രസക്തി ഉണ്ടെന്നു തോന്നിപ്പോകുന്നു. നമ്മുടെ ജീവിതയാത്രയെ ഒരു ഓട്ടപ്പന്തയത്തോടാണ് വി. പൗലോസ് ഉപമിച്ചിരിക്കുന്നത്. ഈ ഓട്ടത്തിനിടയിൽ കാണുന്ന ചെളിക്കുണ്ടിലെല്ലാം വീണാൽ നാം ലക്ഷ്യത്തിലെത്താതെ പോകും. മദ്യമാകുന്ന ചെളിക്കുണ്ടിൽവീണ് വയറുനിറയെ ചെളിവെള്ളം കുടിക്കുകയും അവിടെനിന്ന് എഴുന്നേറ്റു മുന്നോട്ടുനീങ്ങാൻ സാധിക്കാത്തവരേയും നമുക്കുചുറ്റും അനുദിനം നാം കാണാറില്ലേ? മയക്കുമരുന്നിന്റെ പിടിയിൽപ്പെട്ടു വഴിതെറ്റി ഓടുന്നവരേയും നാം കാണാറില്ലേ? പാപമാകുന്ന ചെളിക്കുണ്ടിൽ ആഴ്ന്നുപോയി ഓട്ടം പൂർത്തിയാക്കാൻ സാധിക്കാത്തവരും നമുക്കുചുറ്റും ഇല്ലേ? സ്ഥിരോത്സാഹത്തോടെ നമുക്ക് ഓട്ടം പൂർത്തിയാക്കാം. ഈശോയെ നോക്കി നമുക്ക് ഓടാം. പരിശുദ്ധ അമ്മയാണ് ഈശോയെ നമുക്കു കാണിച്ചുതരുന്നത്. അമ്മയുടെ കൈപിടിച്ചു നമുക്ക് ഓടാം. എങ്കിൽ ഒരിക്കലും വഴിതെറ്റില്ല. ജപമാല കൈകളിലേന്തി നമുക്കു യാത്ര തുടരാം. വഴിതെറ്റിയവർക്കും ചെളിക്കുണ്ടിൽ വീണവർക്കും വെള്ളംകുടിച്ചു വയറുവീർത്തവർക്കും ഈശോ ചൂണ്ടിക്കാണിക്കുന്ന പാതയിലേക്കു മാറാം. അതാണ് ഓരോ ക്രൈസ്തവന്റെയും ധർമ്മം. അങ്ങനെ എല്ലാവർക്കും ലക്ഷ്യസ്ഥാനമായ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നു കർത്താവിനെ മഹത്ത്വപ്പെടുത്താൻ ഇടവരട്ടെ!

### പള്ളിക്കൂദാശക്കാലം

*ലോകാന്ത്യത്തിൽ മിശിഹാ തന്റെ മണവാട്ടിയായ സഭയെ മണിയറയിലേക്ക് പ്രവേശിപ്പിക്കുകയും തന്റെ വലതുവശത്ത് ഇരുത്തി തന്റെ ദർശനത്താൽ അവളെ സന്തോഷിപ്പിക്കുകയും ചെയ്യും. സഭാതനയരായ നാമോരോരുത്തരും ഈ നിത്യായുസ്സിന് അർഹരായിത്തീരുവാൻ വേണ്ട യോഗ്യതയ്ക്കായി ഇപ്പോൾ ത്തന്നെ ജീവിതവിശുദ്ധീകരണത്തിനായി അശ്രാന്ത പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.*

### പള്ളിക്കൂദാശക്കാലം തിരുനാളുകൾ

നവംബർ 5 -വി. സഖറിയായും എലിസബത്തും

നവംബർ 24-മിശിഹായുടെ രാജത്വതിരുനാൾ

നവംബർ 30-അന്ത്രയോസ്ശ്ലീഹാ



# തങ്കലിപികളിൽ എഴുതപ്പെടുന്ന ത്യാഗഭാവം

ജെ. കെ.

ഭവനസന്ദർശനത്തിനിടയിലാണ് ആ വീട്ടിൽ കയറിച്ചെന്നത്. ചെന്നപ്പോൾ അവിടെ ഒരമ്മയും മകളും മാത്രം. കാര്യമായ സ്വീകരണം നൽകി ആ അമ്മ സ്വയം പരിചയപ്പെടുത്തി. "എനിക്കു മൂന്നാ മക്കൾ. മകനങ്ങ് ഗൾഫിലാ. പിന്നെ രണ്ടു പെൺമക്കൾ, അവരെ കെട്ടിച്ചയച്ചു." അപ്പോൾ കൂടെയുള്ളത് മരുമകൾ ആണെന്നു ഞാനുറപ്പിച്ചു. സംഭാഷണം വാലും തലയും ഇല്ലാതെ നീങ്ങുന്നതു കണ്ടപ്പോഴേ എന്തോ പന്തികേടുണ്ടല്ലോ എന്നു തോന്നി. ഇവിടെ എന്തൊക്കെയോ പുകയുന്നുണ്ട്. "അപ്പോൾ അമ്മച്ചിയും മോളും സന്തോഷമായി കഴിയുന്നു അല്ലേ." ചെറുതായി ഒരു ചോദ്യം തൊടുത്തു. ഉടനെ അമ്മച്ചി കൂടുതൽ വാചാലയായി". "ഓ... ഞങ്ങളു തമ്മിൽ ഒരു പ്രശ്നോം ഇല്ല. പിന്നെ കുരിശുവരയ്ക്കാൻ വിളിക്കുമ്പോൾ അവൾ ടി.വി. ഓണാക്കും. എനിക്കതങ്ങു സഹിക്കാൻമേല" മകളുടെ മുഖത്തേക്കു ഞാനൊന്നു പാളി നോക്കി. ഇരച്ചു വന്ന ദേഷ്യം അതുപടി വിഴുങ്ങുന്നതു കണ്ടു. ഒന്നിച്ചിരുത്തി സംസാരിച്ചാൽ പ്രശ്നം ഗുരുതരമാകുമെന്നു തോന്നിയതിനാൽ രണ്ടുപേരേയും മാറ്റിമാറ്റിയിരുത്തി സംസാരിച്ചു. "ഈ തള്ള ഒന്നിനും സമ്മതിക്കില്ല. വൈകുന്നേരത്തെ എന്റെ പണി തീരുന്നതിനുമുമ്പ് അമ്മ കുരിശുവരയ്ക്കാൻ വിളിക്കും. എനിക്കു രണ്ടു കുഞ്ഞുങ്ങളുണ്ട്. അവരെ കുളിപ്പിക്കണം, പഠിപ്പിക്കണം, ഭക്ഷണം കൊടുക്കണം. അല്പം കഴിയട്ടെ എന്നുപറഞ്ഞാൽ അമ്മതന്നെ ഇരുന്നു പ്രാർത്ഥിക്കും. എനിക്ക് ഈ മിക്സി ഒന്നുപയോഗിക്കാൻ പറ്റില്ല. ഞാനൊക്കെ അമ്മിക്കല്ലിലും അരകല്ലിലും ഒക്കെയാ അരച്ചു




പഠിച്ചത്. അതുതന്നെ നിനക്കും മതി എന്ന വേദാന്തം. ഇവിടെയുള്ളതെല്ലാം സ്വന്തം പെൺമക്കൾക്ക് ആരും കാണാതെ പെറുക്കി കൊടുക്കും. എന്റെ കെട്ടിയോൻ കഷ്ടപ്പെട്ടുണ്ടാക്കിയതാ ഇതൊക്കെ." മകളുടെ പരിദേവനങ്ങൾ.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മനുഷ്യന് ഇത്രമാത്രം വിദ്യാഭ്യാസവും പുരോഗമനവും ഉണ്ടായിട്ടും അടിസ്ഥാനപരമായി അവനിൽ ഒരു മാറ്റവും ഇല്ലല്ലോ എന്നോർത്തപ്പോൾ വേദന തോന്നി. ബൈബിൾ നമ്മുടെ മുമ്പിൽ ഒരമ്മയെയും മരുമകളെയും പരിചയപ്പെടുത്തുന്നുണ്ട്. തന്റെ ആൺമക്കൾ മരിച്ചപ്പോൾ അവരുടെ ഭാര്യമാരെ സ്വന്തം കുടുംബങ്ങളിലേക്കു യാത്രയാക്കുന്ന ഒരമ്മ, നവോമി. അവളെ പിരിയാതെ നിൽക്കുന്ന ഒരു മരുമകൾ, റൂത്ത്. അവളുടെ വാക്കുകൾ ശ്രദ്ധേയമാണ്. "അമ്മയെ ഉപേക്ഷിക്കുവാനോ കൂടെ പോരാതിരിക്കുവാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്തു ഞാനും വരും. വസിക്കുന്നിടത്തു ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റേതും അമ്മയുടെ ദൈവം എന്റെ ദൈവവും ആയിരിക്കും. അമ്മ മരിക്കുന്നിടത്ത് ഞാനും മരിച്ച് അടക്കപ്പെടും" (റൂത്ത്. 1: 16-17).

ജീവനുതുല്യം സ്നേഹിച്ച ആ അമ്മയുടെയും മകളുടെയും ജീവിതത്തിലേക്കു ദൈവം അനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും പെരുമഴ പെയ്യിച്ചു. ഈ റൂത്തിൽനിന്ന് ജനിച്ച ഓബെദിന്റെ ചെറുമകനായിരുന്നു ദാവീദുരാജാവ്. ഈ ദാവീദുവംശജനായിട്ടാണല്ലോ ലോകരക്ഷകനായ മിശിഹാ പിറന്നത്. അവിടുത്തെ വംശാവലിയിൽ റൂത്തിന്റെയും പേര് എന്നന്നേക്കുമായി എഴുതി ചേർക്കപ്പെട്ടു (മത്താ. 1:5-6). നമ്മുടെ കുടുംബങ്ങൾക്ക് ഈ അമ്മയും മകളും ഒരു മാതൃകയായിരുന്നെങ്കിൽ!!!

**പള്ളിക്കൂദാശക്കാലം**
**ഞായറാഴ്ചകളിലെ**
**വിശുദ്ധഗ്രന്ഥവായനകൾ**

1. മത്താ 16,13-19; 1 കൊറി 12,27-13,13
2. മത്താ 12,1-11; ഹെബ്രാ 8,1-6
3. യോഹ 2,13-22; ഹെബ്രാ 9,5-15
4. മത്താ 22,41-46; ഹെബ്രാ 9,16-28



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter**
**Apostolic Oblates**
**Spirituality Centre**
**Manganam P.O., Kottayam - 686 018**
**Ph: 0481-2578192**



പിതൃമൊഴി

# "എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരർ"

മങ്ങാടൻ

**വാ**യനയ്ക്കിടയിലുണ്ടായ പലവിചാരം എന്റെ കണ്ണുകളെ വീണ്ടും ജനാലയ്ക്കപ്പുറം കണ്ണെത്തുന്ന ദൂരത്തിൽ നില്ക്കുന്ന പപ്പായമരത്തിലെത്തിച്ചു. അതിന്റെ വളർച്ചയുടെ കാലഘട്ടങ്ങൾ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിന്റെ കായ്കൾ പാകമാകുന്നതു നോക്കി ഞാൻ കാത്തിരുന്നു. ഒരു പഴം കഴിക്കണമെന്നുള്ള ആഗ്രഹംകൊണ്ടുതന്നെ, അത് പാകമാകാൻ ഇത്രയും നാളുകൾ വേണമല്ലോ എന്നത് എന്നെ ഭാരപ്പെടുത്തി. അങ്ങനെയിരിക്കെ, ഒരു ഫലത്തിൽ ഒരു മഞ്ഞപ്പൊട്ട് കണ്ട് ഞാൻ നിജപ്പെടുത്തി... ഒന്നിനെ ആരോ ആക്രമിച്ചിരിക്കുന്നു! ആരൊക്കെയോകൂടി ചെറിയ ഒരു ദ്വാരം അതിൽ വരുത്തിയിരിക്കുന്നു. ഏതായാലും ആർക്കും വിട്ടുകൊടുക്കാതെ അത് പറിച്ചെടുത്തു.

ഇന്നു പക്ഷേ, എന്റെ സ്വാർത്ഥതയെ ചില പാവങ്ങൾ ഓർമ്മപ്പെടുത്തുന്ന കാഴ്ചയാണ് പപ്പായമരം ഒരുക്കിയിരിക്കുന്നത്... ആദ്യം ഒരു ഓലേഞ്ഞാലി വന്ന് പാകമായ ഒരു പപ്പായയെ ആക്രമിച്ചു. ഓരോ കൊത്തും വേദനയുളവാക്കുന്നെങ്കിലും തന്റെ രൂപമെടുക്കലിന് സാക്ഷാത്കാരമുണ്ടായല്ലോ എന്ന ചിന്ത പപ്പായയ്ക്ക് എന്തുമാത്രം സന്തോഷമുളവാക്കിയിരിക്കും! ഓലേഞ്ഞാലിയോടൊപ്പം ഒരു കലപിലയും കൂട്ടാതെ ഒരു മരംകൊത്തിയും പപ്പായയുടെ താഴ്ഭാഗത്തുനിന്നും കൊത്തിവലിച്ചു. രണ്ടുപേരും ഭക്ഷിച്ചുതൃപ്തരായി പറന്നകന്നപ്പോൾ അതാ അഞ്ചാറു പച്ചിലക്കുടുക്കകൾ... അവരും മതിയാവോളം ആസ്വദിച്ചു മടങ്ങി. അവർക്കുശേഷം മൂന്നോ നാലോ മാടത്തകൾ കുഞ്ഞുകുഞ്ഞു ശബ്ദമൊക്കെ പുറപ്പെടുവിച്ച്, കടന്നുവന്ന് പങ്കിട്ടു ഭക്ഷിച്ചു. അപ്പോൾ അതാ വരുന്നു, വാലൊക്കെ ചലിപ്പിച്ച് ഒച്ചവച്ച് വേറൊരു കുഞ്ഞുകള്ളൻ... അണ്ണാറക്കണ്ണൻ! അവൻ ചില് ചില് ശബ്ദം വച്ച് ഇഷ്ടഭക്ഷണം അകത്താക്കാൻ തുടങ്ങിയിട്ടുണ്ട്. തൃപ്തരായവരിൽ ചിലരൊക്കെ പപ്പായതണ്ടുവഴി പറന്നു കളിക്കുന്നുണ്ട്.

മനുഷ്യന്റെ സ്വാർത്ഥതയ്ക്കുമുമ്പിൽ പങ്കുവയ്ക്കലിന്റെ പാഠവുമായി പ്രകൃതിയിലെ പാവങ്ങൾ... രണ്ടുമൂന്നു മണിക്കൂറുകൾക്കുശേഷം ചെന്നപ്പോൾ കണ്ടത് പഴത്തിന്റെ തൊലിമാത്രം ശേഷിപ്പിച്ച് സംതൃപ്തിയോടെ നില്ക്കുന്ന പപ്പായമരത്തെയാണ്. 'ഇതും നിനക്കായ്' എന്ന് മിശിഹാ ഓർമ്മപ്പെടുത്തുംപോലെ ഇനിയൊന്നും ശേഷിച്ചിട്ടില്ല എന്ന് അത് വിളിച്ചോതുന്നു. മറ്റുള്ളവരാൽ ചവച്ചരയ്ക്കപ്പെടാൻ വിട്ടുകൊടുക്കുന്ന ദിവ്യകാരുണ്യത്തിന്റെ സന്തോഷത്തിന്റെ പ്രതിഫലനംപോലെ... പ്രകൃതി ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രതിഫലനങ്ങളാകുന്നു. അവിടുത്തെ ഛായയിലും സാദൃശ്യത്തിലും –സ്നേഹിക്കാൻ വേണ്ടി– സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ കടമ മറക്കുമ്പോൾ, കണ്ടുപഠിക്കേണ്ട ചില പാഠങ്ങൾ പ്രകൃതി ഒരുക്കുന്നു. 'എന്റേത്, എനിക്ക്' തുടങ്ങിയ സ്വാർത്ഥതയുടെ വേരുകളെ അറുത്ത്, വിവിധങ്ങളായ ജീവജാലങ്ങൾ ഒരു ഫലത്തിൽനിന്ന് പങ്കിട്ടതുപോലെ, 'നമുക്ക്, നമ്മുടേത്' എന്ന മനോഭാവം സ്വന്തമാക്കി ജീവിതത്തെ പങ്കിടാം. അതുവഴിയായി, "എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരർ'' എന്ന ദൈവദാസൻ ബിഷപ് വില്യം ജകബീൻതായുടെ വാക്കുകളെ ഹൃദയത്തിലേറ്റാം.




## സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മിശിഹാ തന്റെ മണവാട്ടിയായ സഭയുമായി തന്റെ പിതാവിന്റെ ഭവനമായ സ്വർഗ്ഗീയമണവറയിൽ പ്രവേശിച്ച് നിത്യാനന്ദമനുഭവിക്കുന്നതിനെ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണ് പള്ളിക്കൂദാശക്കാലം. ഈ സ്വർഗ്ഗീയമണവറയിലേക്കുള്ള പ്രവേശനത്തെപ്പറ്റി സെനക്കിളിൽ ഈശോ ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നുണ്ട്: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്... ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും" (യോഹ 14,2-3). പിതാവിന്റെ വാസസ്ഥലം നമ്മുടെ ഹൃദയംതന്നെയാണ്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസസ്ഥലം ഉറപ്പിക്കുകയും ചെയ്യും" (യോഹ 14,23). മാമ്മോദീസായിൽ നാമോരോരുത്തരും പിതൃഭവനത്തിൽ മിശിഹായോടൊത്തുള്ള മണവറവാസം ആരംഭിച്ചു കഴിഞ്ഞു. ഈ സ്വർഗ്ഗീയാനന്ദം ആസ്വദിക്കുവാൻ നമുക്കു കഴിയട്ടെ! ഇതാസ്വദിക്കുവാൻ നമ്മുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരെ സഹായിക്കുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

വിശുദ്ധിയുടെ അഥവാ പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും സംയുക്തസമ്മേളനം ഇറ്റലിയിൽ 2013 ഓഗസ്റ്റ് 26 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി. അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ 'സിസിലിയാനോ'യിലുള്ള ഹോറേബ് സെന്ററിൽവച്ചാണ് പ്രസ്തുത സമ്മേളനം നടന്നത്. വിശ്വാസവർഷം പ്രമാണിച്ചുള്ള ഒരു പ്രത്യേക സമ്മേളനമായിരുന്നു അത്. വിശ്വാസജീവിതവും വിശുദ്ധിയിലേക്കുള്ള വിളിയും ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രബന്ധങ്ങൾ അപ്പസ്തോലിക് സൊദാലെസ് ഫാദർ മാത്യു വെള്ളാനിക്കൽ, ഫാദർ പോൾ കർദോണാ എന്നിവരും അപ്പസ്തോലിക് ഒബ്ലേറ്റ്സ് നിന്നി, തെരേസാ കർബോണാ എന്നിവരും സോഷ്യൽ ആനിമേറ്റർ മിസ്റ്റർ മാർക്കോ ലെയോണെയും അവതരിപ്പിച്ചു. ഒന്നിച്ചുള്ള പഠനവും ചർച്ചകളും പ്രാർത്ഥനയും പങ്കുവയ്ക്കലുകളും വിശുദ്ധിയുടെ കുടുംബാനുഭവം നുകരുവാൻ എല്ലാവർക്കും അവസരമൊരുക്കി. ഓഗസ്റ്റ് 26-ാം തീയതി രാവിലെ അപ്പസ്തോലിക് സൊദാലെസിന്റെ ജനറൽ കൗൺസിലും ഓഗസ്റ്റ് 30-ാം തീയതി ജനറൽ കൗൺസിൽ അംഗങ്ങളുടെയും ദേശീയ മേജർ ബ്രദേഴ്സിന്റെയും സംയുക്ത സമ്മേളനവും റോമിൽ അപ്പസ്തോലിക് സൊദാലെസിന്റെ ആസ്ഥാനത്തുവച്ചു നടന്നു. സെപ്റ്റംബർ 5-ാം തീയതി അപ്പസ്തോലിക് സൊദാലെസിന്റെ ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായോടൊന്നിച്ച് ദിവ്യബലിയർപ്പിക്കുകയും പരിശുദ്ധ പിതാവിനെ കണ്ട് മാക്സിമലിസം കുടുംബാംഗങ്ങൾക്കെല്ലാം ശ്ലൈഹീകാർശീർവാദം സ്വീകരിക്കുകയും ചെയ്തു.

ഇന്ത്യൻ നേഷനിലെ പരമാവധി സ്നേഹത്തിന്റെ കുടുംബസമ്മേളനം സെപ്റ്റംബർ 25-ാം തീയതി, മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ നടക്കുകയുണ്ടായി. പരി. കുർബാനയർപ്പണത്തിനു ശേഷം സ്ഥാപക ഡയറക്ടർ, മല്പാൻ മാത്യു വെള്ളാനിക്കലച്ചന് നാമഹേതുകദിനത്തിന്റെയും ജന്മദിനത്തിന്റെയും മംഗളങ്ങൾ നേരുകയും പരസ്പരം വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# അമ്മയ്ക്കൊപ്പം വിശ്വാസവഴിയേ



ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പരിശുദ്ധജപമാലരാജ്ഞി, തിരുസഭയുടെ മാതാവേ, നിന്റെ മക്കളെ, പാപക്കറയേശാതെ നീ സംരക്ഷിക്കുന്നതിനെയോർത്തു നിനക്കു ഞങ്ങൾ നന്ദിപറയുന്നു. തിരുസഭയുടെ മക്കളായ ഞങ്ങൾ അതിൽ അഭിമാനിച്ച്, ലഭിച്ച വിശ്വാസം കൈമുതലായി സൂക്ഷിക്കുവാനും കാലുകൾ പതറാതെ എന്നും മുന്നേറുവാനുംവേണ്ട കൃപ ഈ ജപമാലരഹസ്യങ്ങളിലൂടെ നീ നൽകണമേ...

**ഒന്നാം രഹസ്യം**

വിശ്വാസത്തിൽ നിലനിൽക്കാൻ
ഐക്യത്തിൽ നാം ഒന്നാകാൻ
സഭയുടെ വളർച്ചാകാലമിതിൽ
പ്രാർത്ഥിക്കണമേ തായേ നീ.

(ഓരോ രഹസ്യത്തിനുശേഷം-തിരുസഭയുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.)

**രണ്ടാം ദൈവരഹസ്യം**

സഭയോടൊത്തു ചരിച്ചിടുവാൻ
സഹനസഭയിൽ മുന്നേറാൻ
ജീവിതയാത്രയതിൻ വഴിയിൽ
പ്രാർത്ഥിക്കണമേ മാതാവേ...

**മൂന്നാം ദൈവരഹസ്യം**

തൻപ്രിയ താതനെ ലോകർക്കായ്
നൽകിയ താതൻ തൻ നാമം
ലോകം മുഴുവൻ ഘോഷിക്കാൻ
വരമേകണമേ മാതാവേ...

**നാലാം ദൈവരഹസ്യം**

പ്രേഷിതസഭയിൽ മുന്നേറാൻ
പ്രേഷിതരായ് തീർന്നീടാൻ
പ്രേഷിതയാവും മാതാവേ,
പ്രാർത്ഥിക്കണമേ തനയർക്കായ്...

**അഞ്ചാം ദൈവരഹസ്യം**

കൃപയേറും നൽസന്ന്യാസം
അർപ്പിതരെന്നും ജീവിക്കാൻ
ദൈവവിളികൾ വളരാനും
പ്രാർത്ഥിക്കണമേ എന്നെന്നും

## സമർപ്പണപ്രാർത്ഥന

വിശ്വാസജീവിതത്തിൽ, സഭാത്മകജീവിതത്തിൽ മക്കളെ വീഴാതെ വഴി നടത്തുന്നമ്മേ, നിന്റെ മക്കൾ കൂദാശാജീവിതത്തിലൂടെയും പ്രേഷിതപ്രവർത്തനത്തിലൂടെയും സഹനജീവിതത്തിലൂടെയും മുന്നേറി, വിശുദ്ധിനിറഞ്ഞ മക്കളായ് വളരുവാൻ വേണ്ട കൃപയ്ക്കായി നീ നിരന്തരം പ്രാർത്ഥിക്കണമേ. സഭയോടൊത്തു ചിന്തിക്കുവാനും സഭയോടൊത്തായിരിക്കുവാനും സഭാജീവിതം വിശ്വസ്തതയോടെ നയിക്കുവാനും നീ മക്കൾക്കൊപ്പം ഉണ്ടായിരിക്കണമേ. ആമേൻ.









# ഇതും വിശ്വാസവർഷ ചിന്തകൾ

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

അച്ചോ, ആദ്യം നിങ്ങൾ അച്ചന്മാര് നന്നാക്. എന്നിട്ട് ഞങ്ങളോട് പറ. അപ്പോ ഞങ്ങളും നന്നാകും.

ഒരു ഇടവക ധ്യാനത്തിനിടയ്ക്കു വി.കുർബാനയർപ്പണത്തിൽ പങ്കെടുക്കേണ്ട ശൈലികളേക്കുറിച്ചൊക്കെ പ്രസംഗിച്ചിട്ട് എല്ലാവരും മാനസാന്തരപ്പെട്ടുകാണുമെന്ന വിചാരത്തോടെ ഒരു ഗ്ലാസ് വെള്ളം കുടിച്ചു വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സത്യവിശ്വാസി മുന്നിൽ വന്നു നിന്നു പറഞ്ഞതാണത്. അപ്രതീക്ഷിതമായി കിട്ടിയ തട്ടിൽ ഒന്നു പരുങ്ങിയെങ്കിലും നില തെറ്റാതെ ഞാൻ ചോദിച്ചു, "എന്തു പറ്റി ചേട്ടാ?" ഒരുപോലെ കുർബാന ചൊല്ലുന്ന രണ്ടച്ചന്മാരെയെങ്കിലും അച്ചനു കാണിച്ചു തരാമോ? ഓരോരുത്തരും വന്നു ഓരോന്നു കാണിച്ചിട്ടു പോകും. അതെല്ലാം കണ്ടും കേട്ടും പലവിചാരപ്പെട്ട് ഞങ്ങളും നില്ക്കും. പിന്നെയെങ്ങനെയാ കുർബാന ശരിയാകുന്നത്. കാർന്നോര് താങ്ങുന്നത് ഞാനുംകൂടി ഉൾപ്പെടുന്ന സമൂഹത്തിനിട്ടായതുകൊണ്ട് ഇളിഭ്യച്ചിരിയോടെ ഞാൻ പിഴയാളി എന്ന മട്ടിൽ ഞാൻ നിന്നു.

വിശ്വാസികൾക്കു പലവിചാരമുളവാകത്തക്ക രീതിയിൽ വി.കുർബാനയർപ്പണത്തെയും കൂദാശയനുഷ്ഠാനങ്ങളെയും ഓരോരുത്തരുടെയും താല്പര്യമനുസരിച്ച് വ്യത്യസ്തമാക്കുന്ന രീതി കൂടിവരികയാണ്. കൂദാശകളുടെ പരികർമ്മത്തിനു സഭ നല്കിയിരിക്കുന്ന അനുഷ്ഠാന വിധികൾ അവഗണിച്ച് അവനവനു തോന്നുന്ന വിധത്തിൽ വി. കർമ്മങ്ങൾ അനുഷ്ഠിക്കുന്നവർ, കൂദാശകൾ സ്വന്തം ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻ അത് ആരുടെയും കുടുംബസ്വത്തല്ല എന്ന കാര്യം മറക്കരുത്. വി.കുർബാനയർപ്പിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനുംവേണ്ടി അഭിഷിക്തരായവർക്ക് ആ ദൗത്യനിർവഹണത്തിനുമാത്രം ഇപ്പോൾ സമയക്കുറവാണത്രെ. ചെയ്യേണ്ട ജോലി ചെയ്യാതെ മാർബിളിൽ പേരു കൊത്തിവയ്ക്കാൻ സാധ്യതയുള്ള പണികൾ മാത്രം ചെയ്തു നടക്കുന്നവർ തങ്ങൾക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിന്റെ വിശ്വാസവളർച്ചയിൽ വരുത്തുന്ന വീഴ്ച്ച ഗുരുതരമാണ്.

അതുപോലെതന്നെ എല്ലാ ഭക്താനുഷ്ഠാനങ്ങളും വി. കുർബാനയിൽനിന്ന് ഉത്ഭവിക്കുന്നതും അതിലേയ്ക്കു നയിക്കുന്നതുമാകണമെന്ന സഭയുടെ പ്രബോധനം ഇന്നെത്രമാത്രം പാലിക്കപ്പെടുന്നുണ്ടെന്ന് ഒരു വിചിന്തനം നടത്തേണ്ടതാവശ്യമാണ്. ഭക്താനുഷ്ഠാനങ്ങളുടെ ശൈലിക്കനുസരിച്ച് സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളെ തിരുത്തുന്നവരാണധികവും. ചില ധ്യാനകേന്ദ്രങ്ങളിൽ കരിസ്മാറ്റിക് കുർബാന എന്ന പ്രത്യേക പേരിലുള്ള കുർബാനപോലുമുണ്ടത്രേ! സത്യവിശ്വാസത്തിന്റെ സംരക്ഷകരാകേണ്ട അധികാരികൾ മൗനം പാലിക്കുന്നതിന്റെ തിക്തഫലങ്ങൾ സഭയനുഭവിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ആഘോഷമായ വി.കുർബാനയുൾപ്പെടെയുള്ള സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ പരമാവധി ചുരുക്കുകയും മറ്റു ചില ഭക്താനുഷ്ഠാനങ്ങൾക്കു ആവശ്യത്തിലധികം സമയം കണ്ടെത്തുകയും ചെയ്യുന്നവരുടെ ആത്മീയത എത്രമാത്രം സഭയുടെ ചൈതന്യത്തോടു ചേർന്നുപോകുന്നു എന്നു ചിന്തിക്കേണ്ടതാണ്.

ഒരു ടൗൺപള്ളിയിൽ ഞായറാഴ്ച്ച രാവിലെ 8 മണിക്കു തുടങ്ങുന്ന വി.കുർബാന എന്നെ ഏല്പിച്ചു. കുർബാന മദ്ധ്യേ വചനവ്യാഖ്യാനത്തിനും അറിയിപ്പുകൾക്കും വേണ്ടി വികാരിയച്ചൻ എടുത്ത സമയം 25 മിനിറ്റ്. പ്രസംഗം കഴിഞ്ഞ് പോകുന്നവഴിക്ക് അച്ചൻ എന്റെ ചെവിയിൽ മന്ത്രിച്ചു: കുർബാന 9 ന് തീരണം. അടുത്ത കുർബാന ഒൻപതേകാലിനുണ്ട്. 35 മിനിറ്റുകൊണ്ടു ചൊല്ലിത്തീർക്കുന്ന ഞായറാഴ്ച്ച കുർബാനയിൽ പങ്കെടുത്തുവേണം വിശ്വാസികൾ വിശ്വാസത്തിലും ആത്മീയതയിലും വളരാൻ! പല പള്ളികളുള്ള പട്ടണങ്ങളിൽ ആടുകൾ കൂടുമാറി കയറാതിരിക്കാനായിരിക്കും സിനിമാപ്രദർശനം പോലെ തുടർച്ചയായി കുർബാനയർപ്പിക്കുന്നത്. അതുകൊണ്ട് ഞായറാഴ്ചക്കടം വീടലല്ലാതെ എന്തു ആത്മീയ വളർച്ചയാണുണ്ടാകുന്നതെന്ന് ആരെങ്കിലും പരിശോധിക്കാറുണ്ടോ?

വിശ്വാസത്തിൽ കൂടുതൽ വളരാനും മക്കളെ വളർത്താനും മാതാപിതാക്കളും കൂടുതൽ ജാഗ്രത പുലർത്തേണ്ട കാലഘട്ടമാണിത്. മക്കൾക്ക് എഞ്ചിനിയറോ ഡോക്ടറോ ആകാനുള്ള ടോണിക്കുകൾ സ്പെഷ്യൽ ട്രെയ്നിംഗിലൂടെ നല്കിക്കൊണ്ടിരിക്കുന്നവർ, ജോലിയും ശമ്പളവും മാത്രമല്ല ജീവിതത്തിനർത്ഥം നല്കുന്നതെന്ന സത്യം തിരിച്ചറിയാൻ ചുറ്റുമുള്ള സമൂഹത്തിലേയ്ക്കു കണ്ണും കാതും തുറന്നുപിടിച്ചിരുന്നാൽ മാത്രം മതി. ശക്തമായ വിശ്വാസാടിത്തറയിൽ അടിസ്ഥാനമിടാത്ത ഏതു ജീവിതഗോപുരവും കുറേ ദുരന്താനുഭവങ്ങളുടെ കൽക്കൂമ്പാരമായി മാറാൻ വലിയ സുനാമികളൊന്നുമുണ്ടാകണമെന്നില്ല എന്ന് നമ്മുടെ ജീവിത പരിസരങ്ങൾതന്നെ നമ്മെ ബോധ്യപ്പെടുത്തും. അതുകൊണ്ട് പഠനവും പ്രാർത്ഥനയും പരിശ്രമവും നമ്മുടെ ആത്മീയജീവിതത്തിന്റെ ഭാഗമാക്കി മാറ്റാം, സഭയോടു ചേർന്നു ചിന്തിക്കാനും വളരാനും വിശ്വാസത്തിൽ അടിയുറയ്ക്കാനും.



## Spirituality Centre Programme

### November

| | | |
|---|---|---|
| 9,10 | - | Social Animator's Meeting |
| 16 | - | Final Profession for Apostolic Oblates |
| 16-17 | - | School of Bible |
| 19-20 | - | Cenacle Meeting |
| 23 | - | Recollection for Oblates |
| 26-27 | - | Cenacle Aspirants' Meeting |

### December

| | | |
|---|---|---|
| 10-12 | - | Cenacle Gathering |
| 14-15 | - | School of Bible |
| 26-31 | - | Week of the Institute |



**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**

"നരകുലമഖിലവുമൊരുഗണമായ്
ത്രിത്വമഹത്ത്വം പാടിടുവാൻ
മറിയമുയർത്തും പ്രാർത്ഥനയാൽ
ദൈവം കൃപയരുളീടട്ടെ".

(പള്ളിക്കുദാശക്കാലം, ബുധൻ-സപ്രാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ
കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ,
നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന
ഞങ്ങളിൽ നീ പ്രസാദിക്കണമേ,
പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ നീ
പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ
ഞങ്ങളും നിന്നിൽ ഒന്നായിരിക്കുവാൻ സഹായിക്കണമേ.
നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കുന്ന
ഞങ്ങളേവരേയും നിലനില്പിന്റെ വരം നല്കി
അനുഗ്രഹിക്കുകയും ചെയ്യണമേ.

(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

